എ.ആർ

# ജമാഅത്തും തിരഞ്ഞെടുപ്പും

1948 ഏപ്രിലിൽ ഇലാഹാബാദിൽ വെച്ചാണ് ഇന്ത്യൻ ജമാഅത്തെ ഇസ്‌ലാമി പുനഃസംഘടിപ്പിക്കപ്പെട്ടത്. മൗ: അബുല്ലൈസ് ഇസ്‌ലാഹി നദ്‌വി അതിന്റെ പ്രഥമ അമീറായി തെരഞ്ഞെടുക്കപ്പെട്ടു. മുസ്‌ലിംകളെ സാമുദായിക ധ്രുവീകരണത്തിന്റെ പാതയിൽനിന്ന് പിന്തിരിപ്പിക്കാനും അവരെ, മാനുഷികാദർശമായ ഇസ്‌ലാമിന്റെ യഥാർഥ വക്താക്കളും പ്രയോക്താക്കളുമാക്കാനുള്ള യത്നത്തിലാണ് അന്നുമുതൽ ജമാഅത്ത് ഏർപെട്ടത്. അതോടൊപ്പം ഇന്ത്യയിലെ മഹാഭൂരിപക്ഷം വരുന്ന അമുസ്‌ലിംകൾക്ക് ഇസ്‌ലാമിനെ പരിചയപ്പെടുത്തുവാൻ, വിവിധ പ്രാദേശിക ഭാഷകളിൽ പ്രസിദ്ധീകരണങ്ങൾ പുറത്തിറക്കുന്നത് ഉൾപെടെയുള്ള പ്രവർത്തനങ്ങളും കാര്യക്ഷമമായാരംഭിച്ചു. വിഭജനം സൃഷ്ടിച്ച സങ്കീർണമായ പ്രശ്നങ്ങളും സാമുദായിക ധ്രുവീകരണം മനുഷ്യ മനസ്സുകളിൽ വിട്ടേച്ചുപോയ ആഴമേറിയ മുറിവുകളും രാജ്യത്ത് നാലര കോടി മുസ്‌ലിംകളുടെ ജീവിതത്തെ നിസ്സഹായതയുടെയും അനിശ്ചിതത്വത്തിന്റെയും തടവറകളിൽ തളച്ചിട്ട സന്ദർഭമായിരുന്നു അത്. അതിനാൽ, കറകളഞ്ഞ വിശ്വാസത്തിന്റെ അടിത്തറകളിൽ സമുദായത്തിന്റെ പുനരുദ്ധാരണം സാധിക്കാനും അവരെ ലക്ഷ്യബോധമുള്ളവരാക്കാനും ജമാഅത്ത് അതിന്റെ പരിമിതമായ കഴിവുകൾ വിനിയോഗിച്ചു. തദവസരത്തിലായിരുന്നു ഇന്ത്യൻ റിപ്പബ്ലിക്കിന്റെ ചരിത്രത്തിൽ പ്രഥമ പൊതു തെരഞ്ഞെടുപ്പ് സമാഗതമായത്. 1952-ലെ ഈ തെരഞ്ഞെടുപ്പിൽ ഇന്ത്യൻ മുസ്‌ലിംകൾ പൊതുവെ ഗുരുതരമായ ആശയക്കുഴപ്പത്തിൽഅകപ്പെട്ടു. മലബാറിൽ മാത്രം മുസ്‌ലിംലീഗ് പുനർജീവിപ്പിക്കപ്പെടുകയുണ്ടായി. വിഭജനത്തിന്റെയും ആത്യന്തിക സാമുദായികതയുടെയും തിക്തസ്മരണകൾ പച്ചയായി നിലനിന്നിരുന്നതിനാൽ മലബാറിൽ പോലും നല്ലൊരു വിഭാഗം മുസ്‌ലിംകൾ ആശയക്കുഴപ്പത്തിലായിരുന്നു. രാജ്യത്തിന്റെ മറ്റുഭാഗങ്ങളിലാവട്ടെ, അവരെ ഇതികർത്തവ്യതാ മൂഢത വ്യപകമായി ത്തന്നെ പിടികൂടി. ഒരു വശത്ത് മുസ്‌ലിംകളെ തികച്ചും നിരാശപ്പെടുത്തിയ നാഷണൽ കോൺഗ്രസ്. മറുവശത്ത്, ആത്യന്തിക വർഗീയതയുടെ വക്താക്കൾ. രണ്ടിനും മധ്യേ നാസ്തികരും മതനിഷേധികളുമായ കമ്യൂണിസ്റ്റുകളും അവരിൽനിന്ന് വളരെയൊന്നും ഭിന്നരല്ലാതിരുന്ന സോഷ്യലിസ്റ്റുകളും. ഇവർക്കെല്ലാം വേണ്ടി മുസ്‌ലിംകളെ അണിനിരത്താൻ രംഗത്തിറങ്ങിയവർ സമുദായത്തിലുണ്ടായിരുന്നുവെങ്കിലും മുസ്‌ലിം ജനസാമാന്യത്തിൽ വിസ്വാസവും പ്രതീക്ഷയും വളർത്താൻ അവർക്ക് കഴിഞ്ഞിരുന്നില്ല. എത്രത്തോളമെന്നാൽ, അന്നോളം കോൺഗ്രസിനോട് ഒട്ടിനിന്ന ജംഇയ്യത്തുൽ ഉലമായെ ഹിന്ദിലെ ചില പ്രമുഖ പണ്ഡിത്മാർ പോലും ഇലക്ഷൻ ബഹിഷ്കരിക്കാനാണ് മുസ്‌ലിംകളെ ആഹ്വാനം ചെയ്തത്. "ഇന്ത്യൻ മുസ്‌ലിംകൾ എന്തുചെയ്യണം?" എന്ന ശീർഷകത്തിൽ ജംഇയ്യത്തുൽ ഉലമായെ നാസിം മൗലാനാ നൂറുദ്ധീൻ ബിഹാരി എഴുതിയ ലേഖനത്തിൽ ഇങ്ങനെ കാണാം:

"ഈ ആപൽസന്ധിയിൽ ഇന്ത്യൻ മുസ്‌ലിംകൾ സഗൗരവം ചിന്തിക്കേണ്ടതുണ്ട്, അധികാരത്തിലിരിക്കുന്ന പാർട്ടി അവർക്കു നൽകിയ അവകാശത്തെ ഉപയോഗപ്പെടുത്താൻ പരിശ്രമിക്കുകയോ, അതല്ല ഭൂരിപക്ഷ മനസ്ഥിതി പ്രജായത്തത്തിന്റെയും സെക്യുലരിസത്തിന്റെയും മൂശയിൽ വർത്തെടുക്കുന്നതുവരെ, ഇന്നത്തെ ചുറ്റുപാടും പരിതസ്ഥിയും മുമ്പിൽ വെച്ചുകൊണ്ട് പ്രസ്തുത അവകാശം ഉപയോഗിക്കാതിരിക്കുകയോ ഏതാണ് വേണ്ടതെന്ന്. എന്റെ ആത്മാർഥമായ രാഷ്ട്രീയാഭിപ്രായം അതുപയോഗപ്പെടുത്തുന്നതിൽനിന്ന് മുസ്‌ലിംകളെല്ലാം വിട്ടുനിൽക്കുകയും വരുന്ന തെരഞ്ഞെടുപ്പിൽ യാതൊരു പങ്കും വഹിക്കാതിരിക്കുകയും വേണമെന്നാണ്... ഇന്നത്തെ അന്തരീക്ഷത്തിൽ ആപത്തിൽനിന്ന് രക്ഷപ്പെടുവാൻ ഇതിലും നല്ല മറ്റൊരു മാർഗമില്ലെന്നാണ് എന്റെ അഭിപ്രായം."

('തേജ്', 1950 ഏപ്രിൽ 9)

മൗ: ഹാമിദുൽ അൻസാരി ഗാസി, ജംഇയ്യത്തുൽ ഉലമായുടെ ജോൺപൂരിൽ ചെയ്ത അധ്യക്ഷ പ്രസംഗത്തിൽ, ഹൈന്ദവ വർഗീയ വിപത്തിനെ പ്രതിരോധിക്കാൻ ഏറ്റവും പറ്റിയ മാർഗം "ഇടക്കാലത്തേക്കെങ്കിലും രാഷ്ട്രീയത്തിൽനിന്നു പരിപൂർണമായി വിട്ടുനിൽക്കണമെന്നു നാം പ്രതിജ്ഞ ചെയ്യുകയും നമ്മുടെ അഭിവൃദ്ധിയുടെ പ്രവർത്തനത്തിൽ നിരതരാവുകയും ചെയയ്യുകയാണ്" എന്നു പ്രസ്താവിക്കുകയുണ്ടായി.

('മദീന', മാർച്ച് 9, 1950)

ഈ പശ്ചാത്തലത്തിലായിരുന്നു 'തെരഞ്ഞെടുപ്പ് പ്രശ്നവും ഇന്ത്യൻ മുസ്‌ലിംകളും' എന്ന പ്രൗഢമായൊരു ലേഖന പരമ്പര ഇന്ത്യൻ ജമാഅത്തെ ഇസ്‌ലാമി അമീർ മൗ: അബുല്ലൈസ് നദ്‌വി തയാറാക്കി പ്രസിദ്ധകരിച്ചത്. (മുസ്‌ലിംകളും വരാനിരിക്കുന്ന തെരഞ്ഞെടുപ്പും' എന്ന പേരിൽ പ്രബോധനം പ്രതിപക്ഷത്രം, വാള്യം 3, ലക്കം 10 മുതൽ അത് പ്രസിദ്ധീകരിച്ചിട്ടുണ്ട്.) ജനാധിപത്യത്തിൽ തെരഞ്ഞെടുപ്പിന്റെ പ്രാധാന്യം ഊന്നിപ്പറഞ്ഞതോടൊപ്പം, പാശ്ചാത്യൻ ജനാധിപത്യത്തിന്റെയും ഇലക്ഷൻ സമ്പ്രദായത്തിന്റെയും ദൂഷ്യങ്ങൾ ഇസ്‌ലാമിക വീക്ഷണത്തിലൂടെ മൗലാനാ പ്രസ്തുത ലേഖനത്തിൽ അനാവരണം ചെയ്യുകയുണ്ടായി. അതുപോലെ നിഷിദ്ധവും അനിസ്‌ലാമികവുമായ വ്യവസ്ഥിതിയെ താങ്ങിനിർത്താനോ, അത്തരമൊരു വ്യവസ്ഥിതിക്കു വേണ്ടി നിലകൊള്ളുന്ന പാർട്ടികളെ അധികാരത്തിലേറ്റാനോ മുസ്‌ലിംകൾക്ക് പാടില്ലെന്ന ജമാഅത്തിന്റെ വീക്ഷണഗതിയും അദ്ദേഹം തുറന്നുകാട്ടി. ആസന്നമായ തെരഞ്ഞെടുപ്പിൽനിന്ന് ജമാഅത്ത് മാത്രമല്ല മുസ്‌ലിംകൾ പൊതുവെതന്നെ മാറിനിൽക്കുകയാണ് വേണ്ടെതെന്ന അഭിപ്രായം അമീർ പ്രഖ്യാപിക്കുകയും ചെയ്തു. എന്നാൽ വിട്ടുനിൽക്കൽ നയം കേവലം നിഷേധാത്കമല്ലെന്നും, പ്രത്യുത ഇസ്‌ലാമിക സംസ്ഥാപനത്തിനു വേണ്ടി

മുസ്‌ലിംകൾ സർവാത്മനാ പ്രവർത്തിക്കുന്നതോടൊപ്പം അനിവാര്യമായി സ്വീകരിക്കേണ്ടിവരുന്ന നിലപാട് മാത്രമാണെന്നും പ്രസ്തുത ലേഖനത്തിൽ സമർഥിച്ചതായി കാണാം.

### ഇലക്ഷൻ പ്രശ്നത്തിലെ ഉൾപാർട്ടി ചർച്ചകൾ

രാജ്യത്തിലെ ഒന്നാമത്തെ പൊതുതെരഞ്ഞെടുപ്പിനെ സംബന്ധിച്ചേടത്തോളം ജമാഅത്തെ ഇസ്‌ലാമിയുടെ നിലപാട് ഇതായിരുന്നുവെങ്കിലും തുടർന്നുള്ള വർഷങ്ങളിൽ ഇലക്ഷൻ അതർഹിക്കുന്ന ഗൗരവത്തോടെ നോക്കിക്കാണാനും യഥാസമയം ഉചിതമായ തീരുമാനങ്ങളെടുക്കാനും ജമാഅത്ത് അനുസ്യൂതം ശ്രദ്ധിച്ചിട്ടുണ്ട്. അടിസ്ഥാനാദർശത്തിലും ലക്ഷ്യത്തിലും വിട്ടുവീഴ്ച ചെയ്യാതെത്തന്നെ, തെരഞ്ഞെടുപ്പുകളെ ലക്ഷ്യപ്രാപ്തിക്ക് എങ്ങനെ പ്രയോജനപ്പെടുത്താമെന്നായിരുന്നു തദ്വിഷയകമായി കേന്ദ്ര മജ്‌ലിസ് ശൂറായിലും പ്രതിനിധി സഭയിലും പര്യാലോചനക്കു വന്ന മുഖ്യ പ്രശ്നം. അതോടൊപ്പം, അംഗങ്ങൾക്ക് സമ്മതിദാനാവകാശം വിനിയോഗിക്കുന്നതിനുള്ള വിലക്ക് ഇസ്‌ലാമിന്റെയും മുസ്‌ലിംകളുടെയും ഉത്തമ താൽപര്യങ്ങൾ മുൻനിറുത്തി എപ്പോൾ, എങ്ങനെ നീക്കണമെന്നതും ചർച്ചാവിഷയമായി. സ്വാഭാവികമായും ചർച്ചകളിൽ ഭിന്നമായ വീക്ഷണങ്ങളും വാദഗതികളും മുമ്പിൽ വന്നു. ജമാഅത്തിന്റെ മൗലികാദർശത്തിലോ ലക്ഷ്യത്തിലോ മാറ്റം വേണമെന്ന അഭിപ്രായം ഒരാൾക്കും ഉണ്ടായിരുന്നില്ല. എന്നാൽ ലക്ഷ്യപ്രാപ്തിക്ക് സ്വീകരിക്കാവുന്ന ഏറ്റവും ഫലപ്രദമായ മാർഗമെന്ത്? തെരഞ്ഞെടുപ്പുകൾ അതിനെത്രത്തോളം സഹായകമാണ്? ഒരു അനിസ്‌ലാമിക വ്യവസ്ഥിതിയുടെ കീഴിൽ നടക്കുന്ന തെരഞ്ഞെടുപ്പുകളിൽ പങ്കെടുക്കുന്നത് ഇസ്‌ലാമിക പ്രസ്ഥാനത്തിന് ആശാസ്യമാണോ? ഇന്ത്യയിലെ മതേതര ജനാധിപത്യ വ്യവസ്ഥിതി, ബ്രിട്ടീഷ് ഇന്ത്യൻ ഭരണക്രമത്തെപ്പോലെത്തന്നെ തീർത്തും നിഷിദ്ധവും അനിസ്‌ലാമികവുമാണെന്ന് വിധിയെഴുതാമോ? തെരഞ്ഞെടുപ്പ് അനിസ്‌ലാമിക വ്യവസ്ഥയുടെ ഭാഗംതന്നെയാണെങ്കിലും, വ്യവസ്ഥിതിയുടെ മാറ്റത്തിനുവേണ്ടി അതിനെ എന്തുകൊണ്ട് പ്രയോജനപ്പെടുത്തിക്കൂടാ? സമ്മതിദാനാവകാശംപോലും വിനിയോഗിക്കാതെയുള്ള നിഷ്ക്രിയത്വം രാജ്യത്ത് ഇസ്‌ലാമിനും മുസ്‌ലിംകൾക്കും ദ്രോഹകരമായ ശക്തികൾ അധികാരത്തിൽ വരാൻ ഇടവരുത്തുകയില്ലേ? എന്നിത്യാദി, പ്രസക്തങ്ങളായ നിരവധി ചോദ്യങ്ങൾ നിരന്തരം ചർച്ച ചെയ്യപ്പെടുകയുണ്ടായി. പ്രമാണങ്ങളുടെ വ്യാഖ്യാനം, ജമാഅത്തിന്റെ സാഹിത്യങ്ങളിൽ ഭരണകൂടം, ജനാധിപത്യം, സെക്യുലരിസം ഇലക്ഷൻ തുടങ്ങിയ കാര്യങ്ങളെക്കുറിച്ച് വന്ന പ്രതിപാദനങ്ങൾ, മാറിമാറി വരുന്ന സാഹചര്യങ്ങളുടെ വിശകലനം എന്നിവയിൽ സ്വാഭാവികമായുണ്ടാകാവുന്ന വീക്ഷണ വ്യത്യാസങ്ങളും ഭിന്നാഭിപ്രായങ്ങളും ഈ ചർച്ചകളിൽ പ്രകടമാവാതിരുന്നില്ല. ഉൾപാർട്ടി ജനാധിപത്യത്തിനും ഇസ്‌ലാമിലെ ശൂറാ വ്യവസ്ഥക്കും പരമാവധി പ്രാധാന്യം കൽപിക്കുന്ന ജമാഅത്തിന്, ഈ വീക്ഷണവ്യത്യാസങ്ങളെ കഴിവതും സമന്വയിപ്പിച്ചു യഥോചിതം തീരുമാനങ്ങളെടുത്തു മുമ്പോട്ടു നീങ്ങാൻ കഴിഞ്ഞുവെന്നതാണ് ഏറ്റവും ശ്രദ്ധേയമായ നേട്ടം. സമകാലീന ഇസ്‌ലാമിക പ്രസ്ഥാനങ്ങളിൽ പൊതുവെത്തന്നെ ആഭ്യന്തര ഭിന്നതക്കും ശൈഥില്യത്തിനും കാരണമാക്കിത്തീർത്ത പ്രശ്നങ്ങളാണ് പരിവർത്തനത്തിന്റെ അഭികാമ്യമായ മാർഗവും ഗവൺമെന്റുകളോടുള്ള സമീപനവും. ഇന്ത്യൻ ജമാഅത്തെ ഇസ്‌ലാമിയെ ഇത്തരം ചർച്ചകൾ ശൈഥില്യത്തിലേക്ക് നയിച്ചില്ലെന്നത് അല്ലാഹുവിന്റെ അനുഗ്രഹമാണ്. അതേയവസരത്തിൽ, ചിന്തിക്കുകയും സാഹചര്യങ്ങളെ വിലയിരുത്തുകയും ചെയ്യുന്ന കുറെ വ്യക്തികൾ ഒരു പ്രസ്ഥാനത്തിൽ ഒത്തുചേരുമ്പോൾ, ഏതവസരത്തിലും അവർ ഏകാഭിപ്രായക്കാരായിരിക്കുമെന്നും അവരെടുക്കുന്ന ഏത് തീരുമാനവും മാറ്റമില്ലാതെ തുടരുമെന്നും ബുദ്ധിയുള്ളവരാരും കരുതുകയില്ല. ഇജ്തിഹാദിലെ ശരിയും തെറ്റും പ്രവാചകൻ അംഗീകരിക്കുകയുണ്ടായി. അടിസ്ഥാന പ്രമാണങ്ങളിൽനിന്ന് വ്യതിചലിക്കാതെ, പരിസ്ഥിതികളെ വിലയിരുത്തി, ആർജവത്തോടും സത്യസന്ധതയോടുംകൂടി തീരുമാനങ്ങളെടുക്കുക; തീരുമാനങ്ങൾ തിരുത്തുകയോ പരിഷ്കരിക്കുകയോ റദ്ദാക്കുകയോ ചെയ്യേണ്ടി വരുമ്പോൾ അറച്ചു നിൽക്കാതെ സധൈര്യം അതിന് സന്നദ്ധമാവുക -ഇതാണ് ജീവസ്സുറ്റ പ്രസ്ഥാനങ്ങളുടെ, വിശിഷ്യാ, ഇസ്‌ലാമിക പ്രസ്ഥാനങ്ങളുടെ സ്വഭാവം. തീരുമാനങ്ങളിലും നയങ്ങളിലും സമീപനങ്ങളിലുമുള്ള മാറ്റം പ്രതിയോഗികളും ശത്രുക്കളും പ്രചാരണായുധങ്ങളായി കൊണ്ടുനടക്കുമെന്നതും അനുഭവസത്യമാണ്. എന്നാൽ, മാറ്റങ്ങൾക്കു വിധേയമാവാത്ത ഒരു പ്രസ്ഥാനവും ഭൂമുഖത്തുണ്ടായിട്ടില്ലെന്നതുകൊണ്ട് ഇത്തരം പ്രചാരണങ്ങൾ വലുതായ പ്രയോജനമൊന്നും ആർക്കു ചെയ്യാറില്ല. കേരളത്തിലെ മുസ്‌ലിം മത സംഘടനകൾ തന്നെ, ഒട്ടുവളരെ നയമാറ്റങ്ങളിലൂടെ കടന്നുവന്നതിന്റെ ഉദാഹരങ്ങൾ സുലഭമാണ്. അവ യഥാസമയം അനുസ്മരിക്കാവുന്നതേയുള്ളൂ.

ഈയടിസ്ഥാനത്തിൽ ചിന്തിക്കുമ്പോൾ, ഇന്ത്യൻ ജമാഅത്തെ ഇസ്‌ലാമി ഇലക്ഷനെക്കുറിച്ച് ഇതപര്യന്തം നടത്തിയ ചർച്ചകളും കൈക്കൊണ്ട തീരുമാനങ്ങളും, പ്രസ്ഥാനത്തിന്റെയും ഇസ്‌ലാമിന്റെയും സമുദായത്തിന്റെയും രാജ്യത്തിന്റെയും ഉത്തമ താൽപര്യങ്ങൾ മുൻനിറുത്തി ആയിരുന്നുവെന്ന് കാണാം. അതുകൊണ്ടാണ്, പ്രഥമ പൊതു തെരഞ്ഞെടുപ്പിന്റെ പ്രത്യേക സാഹചര്യത്തിൽ അതിൽനിന്നു വിട്ടുനിൽക്കാൻ മുസ്‌ലിംകളെ ഉപദേശിച്ച ജമാഅത്ത്, പിന്നീട് നടന്ന തെരഞ്ഞെടുപ്പുകളിൽ ആ സമീപനം സ്വീകരിക്കാതിരുന്നത്. തീവ്രവാദികളെപ്പോലെ, "തെരഞ്ഞെടുപ്പുകൾ തുലയട്ടെ", "ഇലക്ഷൻ ബഹിഷ്കരിക്കുക" തുടങ്ങിയ നിഷേധാത്മകമായ ആഹ്വാനങ്ങളും ജമാഅത്ത് നൽകുകയുണ്ടായില്ല. മാത്രമല്ല, മുസ്‌ലിംകളുടെ ഒരവകാശ പത്രിക തയാറാക്കുന്നതിലും മുസ്‌ലിം രാഷ്ട്രീയ പാർട്ടികൾക്കിടയിൽ അഭിപ്രായൈക്യമുണ്ടാക്കുന്നതിലും ജമാഅത്ത് ക്രിയാത്മകമായ പങ്കു വഹിക്കുകയുണ്ടായി. അടിയന്തരാവസ്ഥയെ തുടർന്ന് 1977-ൽ നടന്ന നിർണായകമായ തെരഞ്ഞെടുപ്പിൽ ജമാഅത്ത്, രാജ്യത്ത് അടിയന്തരാവസ്ഥ അവസാനിപ്പിക്കുവാനും, 42-ാം ഭരണഘടനാ ഭേദഗതിയിലൂടെ കേന്ദ്ര ഗവൺമെന്റിനു ലഭിക്കാൻ പോവുന്ന അമിതാധികാരങ്ങൾ ഇല്ലാതാക്കാനും, സംഘടനയുടെ പ്രവർത്തന സ്വാതന്ത്ര്യം വീണ്ടുകിട്ടാനുമായി വോട്ടവകാശം വിനിയോഗിച്ചത് ഈ സന്ദർഭത്തിൽ എടുത്തുപറയേണ്ടതാണ്.

### ഇലക്ഷനെക്കുറിച്ച ശൂറാ തീരുമാനങ്ങൾ

ഇലക്ഷൻ പ്രശ്നത്തെക്കുറിച്ച് ഇന്ത്യൻ ജമാഅത്തെ ഇസ്‌ലാമിയുടെ ഉന്നതാധികാര സമിതിയായ മജ്‌ലിസ് ശൂറാ വിചിന്തനം ആരംഭിച്ചത് 1960 മുതൽക്കായിരുന്നു. 1961 ജൂലായ് 15 മുതൽ 18 വരെ സമ്മേളിച്ച കേന്ദ്ര മജ്‌ലിസ് ശൂറാ, ഇലക്ഷൻ പ്രശ്നത്തെക്കുറിച്ച വിശദമായ ചർച്ചകൾക്കു ശേഷം, അതിന്റെ വിവിധ വശങ്ങളെപ്പറ്റി വിചിന്തനം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ ഒരു സബ്കമ്മിറ്റിയെ നിയോഗിക്കുകയുണ്ടായി. ഇഖാമത്തുദ്ദീൻ എന്ന ലക്ഷ്യത്തിനവേണ്ടി ഇലക്ഷന്റെ ഏതെല്ലാം രീതികൾ, എത്രത്തോളം, എന്തെല്ലാം ഉപാധികൾക്കു വിധേയമായി സ്വീകരിക്കാം? ഇവ്വിഷയകമായി ജമാഅത്ത് നിലവിലുള്ള സാഹചര്യത്തിൽ എന്തു തീരുമാനമെടുക്കണം? ഇതേക്കുറിച്ചായിരുന്നു കമ്മിറ്റി അതിന്റെ ശുപാർശകൾ സമർപ്പിക്കേണ്ടിയിരുന്നത്. ജമാഅത്തിലെ മതപണ്ഡിതന്മാരുടെയും ചിന്തകന്മാരുടെയും അഭിപ്രായങ്ങൾ ആരായുന്നതോടൊപ്പം, ജമാഅത്തിനു പുറത്തുള്ള മത പണ്ഡിതന്മാരുടെ വീക്ഷണഗതികൾ മനസ്സിലാക്കാനും സബ്കമ്മറ്റിയെ ചുമതലപ്പെടുത്തുകയുണ്ടായി. 1961 ഡിസംബർ 14 മുതൽ 18 വരെ ചേർന്ന മജ്‌ലിസം ശൂറാ യോഗത്തിൽ ഇലക്ഷൻ സബ്കമ്മിറ്റി അതിന്റെ റിപ്പോർട്ട് സമർപിച്ചു. റിപ്പോർട്ടിലെ ശുപാർശകളുടെയും, ജമാഅത്തിന്റെ അകത്തുനിന്നും പുറത്തുനിന്നും ലഭിച്ച അഭിപ്രായങ്ങളുടെയും വെളിച്ച

ത്തിൽ സവിസ്തരമായ ചർച്ചകൾ നടത്തിയ ശൂറാ ഇനിപ്പറയുന്ന തീരുമാനങ്ങൾ അംഗീകരിച്ചു.

ഒരാൾ ദൈവേതര ഭരണവ്യവസ്ഥക്കു കീഴിൽ ദൈവേതര ഭരണവ്യവസ്ഥ നടത്തേണ്ടതിനായി തെരഞ്ഞെടുപ്പിൽ മത്സരിക്കുകയും അസംബ്ലിയിൽ പോവുകയും ചെയ്യുന്ന പക്ഷം അത് തൗഹീദിന് വിരുദ്ധവും പാടില്ലാത്തതുമാണ്. എന്നാൽ, മനുഷ്യന്റെ പരമാധികാരത്തിനു പകരം ദൈവത്തിന്റെ പരമാധികാരം എന്ന സിദ്ധാന്തത്തിനനുസൃതമായി ഭരണഘടന മാറ്റാൻ താഴെ പറയുന്ന ഉപാധികളോടെ തെരഞ്ഞെടുപ്പിൽ പങ്കെടുക്കാവുന്നതാണ്:

I) പൊതുജനാഭിപ്രായം ഏതെങ്കിലും ഒരു വ്യവസ്ഥക്കനുകൂലമാവുക എന്നതു തന്നെ, പ്രായോഗിക തലത്തിൽ അത് സ്ഥാപിതമാവാൻ മതിയാവുന്ന സ്ഥിതി രാജ്യത്തുളവാകുക.

II) തെരഞ്ഞെടുപ്പിൽ പങ്കെടുത്താൽ ഭരണഘടനയിൽ മാറ്റം വരുത്താൻ സാധിക്കുമെന്ന് പ്രതീക്ഷിക്കാൻ മാത്രം പൊതുജനാഭിപ്രായം അനുകൂലമായിത്തീരുക.

രണ്ടാമത്തെ ഉപാധി പൂർത്തിയായിട്ടില്ലാത്തതിനാൽ, പ്രസ്തുത ലക്ഷ്യത്തിന്നു വേണ്ടി ജമാഅത്ത് ഇലക്ഷനിൽ പങ്കെടുക്കുന്ന പ്രശ്നം ഉൽഭവിക്കുന്നില്ല.

ഇസ്‌ലാമിന്റെയും മുസ്‌ലിംകളുടെയും നിഷേധാത്മകമോ ക്രിയാത്മകമോ ആയ താൽപര്യങ്ങൾക്കു വേണ്ടി മാത്രം ഒരാൾ, ഒരു ദൈവേതര വ്യവസ്ഥിതിയുടെ തെരഞ്ഞെടുപ്പിൽ പങ്കെടുക്കുന്നത് അനുവദനീയമാണോ, അല്ലേ എന്ന പ്രശ്നവും ശൂറാ പര്യാലോചിക്കുകയുണ്ടായി. അതിന്റെ ചില രൂപങ്ങൾ അനുവദനീയമാവാമെന്ന് ശൂറാ ഭൂരുപക്ഷാഭിപ്രായ പ്രകാരം തീരുമാനിച്ചു. പക്ഷേ, 1962-ലെ തെരഞ്ഞെടുപ്പിൽ, പ്രസ്തുത ലക്ഷ്യത്തിനും ജമാഅത്ത് പങ്കെടുക്കേണ്ടതില്ലെന്ന് തീരുമാനിച്ചതിനാൽ, അതിന്റെ രൂപങ്ങൾ വിശദമായി വിചിന്തനം ചെയ്യപ്പെടുകയുണ്ടായില്ല. അതിനാൽ തദനുസൃതമായി ജമാഅത്ത് ഇലക്ഷനിൽ പങ്കെടുക്കാൻ വേണ്ടുന്ന ഉപാധികളും ചർച്ചചെയ്യപ്പെട്ടില്ല. അത് മറ്റൊരവസരത്തിലേക്ക് നീട്ടിവെയ്ക്കുകയാണുണ്ടായത്.

തെരഞ്ഞെടുപ്പിൽ ജമാഅത്ത് പങ്കെടുക്കേണ്ടതില്ലെന്ന് തീരുമാനിക്കാനുണ്ടായ കാരണങ്ങൾ ഇവയായിരുന്നു.

1) ആവശ്യമായത്ര പൊതുജനാഭിപ്രായം അനുകൂലമാക്കാൻ കഴിഞ്ഞിട്ടില്ല.

2) രാജ്യത്ത് വളരെ പരിമിതമായ ഒരു വിഭാഗം മാത്രമേ ജമാഅത്തിനെയും അതിന്റെ പ്രബോധനത്തെയും പരിചയപ്പെട്ടിട്ടുള്ളൂ. വലിയൊരു വിഭാഗത്തിന് ജമാഅത്തിനെ പരിചയമില്ല; അല്ലെങ്കിൽ തെറ്റിദ്ധാരണകളുണ്ട്. അതിനാൽ ഇലക്ഷനിൽ പങ്കെടുക്കുകയാണെങ്കിൽ ജമാഅത്തിന്റെ പ്രബോധനത്തെയും ലക്ഷ്യത്തെയും കുറിച്ചു കൂടുതൽ തെറ്റിദ്ധാരണകൾ ഉളവാകുമെന്ന് ആശങ്കിക്കണം. തന്മൂലം നമ്മുടെ യഥാർഥ ലക്ഷ്യത്തിനു അസാമാന്യമായ നഷ്ടമുണ്ടാവും.

3) ഇന്നത്തെ പരിതസ്ഥിതിയിൽ നമ്മുടെ മാധ്യമങ്ങളും ഉപാധികളും ആൾബലവും ഇതിന്നനുകൂലമല്ല.

4) ഈ വീക്ഷണത്തിലൂടെ ജമാഅത്ത് ബന്ധുക്കളുടെ മനസ്സുകളെ പാകപ്പെടുത്തുകയോ അവർക്ക് തർബിയത്ത് നൽകുകയോ ചെയ്തിട്ടില്ല.

തെരഞ്ഞെടുപ്പിനെസ്സംബന്ധിച്ച മുസ്‌ലിംകളുടെ നയവും മജ്‌ലിസ് ശൂറാ പര്യാലോചിച്ചു താഴെ പറയുന്ന നിഗമനത്തിലെത്തി:

1) മുസ്‌ലിംകൾ ചെയ്യേണ്ട പ്രഥമവും പ്രധാനവുമായ കാര്യം, മറ്റു പ്രശ്നങ്ങളെപ്പോലെ ഇലക്ഷനെക്കുറിച്ചും ഖുർആന്റെയും സുന്നത്തിന്റെയും വെളിച്ചത്തിൽ തങ്ങളുടെ മൗലിക നയം തീരുമാനിക്കാൻ കൂട്ടായ തീരുമാനമെടുക്കാൻ ശ്രമിക്കുകയാണ്.

2) മുസ്‌ലിംകളെന്ന നിലയിൽ അല്ലാഹുവാണ് തങ്ങളുടെ ആരാധ്യനും പരമാധികാരിയുമെന്നും അവന്റെ മതമാണ് ശരിയായ ജീവിതവ്യവസ്ഥയെന്നും ആണ് അവരുടെ വിശ്വാസമെന്നിരിക്കെ, അതിന്നനുസൃതമായി വ്യക്തിപരവും സാമൂഹികവുമായ ജീവിതം നയിക്കാനും അല്ലാഹുവിന്റെ മുഴുവൻ അടിമകളെയും അതിലേക്കു ക്ഷണിക്കാനും അവർക്ക് ബാധ്യതയുണ്ട്. ഈ ലക്ഷ്യം സാധിക്കുന്നതിനു വേണ്ടിയാവണം, ഏതെങ്കിലും ദൈവേതര വ്യവസ്ഥയുടെ ഉപകരണമാവാൻ വേണ്ടിയാവരുത് അവർ തെരഞ്ഞെടുപ്പിൽ പങ്കെടുക്കുന്നത്.

**ഇസ്‌ലാമിന്റെയും മുസ്‌ലിംകളുടെയും താൽപര്യങ്ങൾ**

വീണ്ടും ഇലക്ഷൻ പ്രശ്നം മജ്‌ലിസ് ശൂറാ പരിഗണിക്കുന്നത്, 1967-ലെ പൊതുതെരഞ്ഞെടുപ്പിനു മുമ്പ്, 1966 ജൂലൈ 15 മുതൽ 22 വരെ ചേർന്ന യോഗത്തിൽവെച്ചാണ്. മുൻ തീരുമാനങ്ങളുടെത്തന്നെ വെളിച്ചത്തിൽ, ജമാഅത്ത് ഇലക്ഷനിൽ പങ്കെടുക്കേണ്ടതില്ലെന്നായിരുന്നു യോഗത്തിന്റെ അന്തിമ തീരുമാനം. എന്നാൽ, പുതുതായി ചില തീരുമാനങ്ങൾക്കൂടി ശൂറാ കൈക്കൊള്ളുകയുണ്ടായി:

1) നിലവിലുള്ള ഭരണവ്യവസ്ഥ അനിസ്‌ലാമികവും സത്യവിരുദ്ധവുമാണെന്ന് മനസ്സിലാക്കികൊണ്ടുതന്നെ ഇസ്‌ലാമിന്റെയും മുസ്‌ലിംകളുടെയും സുപ്രധാന താൽപര്യങ്ങൾക്കുവേണ്ടിഇലക്ഷനിൽ പങ്കെടുക്കൽ അനുവദനീയമാണ്.

2) മറ്റേതെങ്കിലും സംഘടനയോ വ്യക്തിയോ, ജമാഅത്ത് അംഗീകരിക്കുന്ന ലക്ഷ്യങ്ങൾക്കുവേണ്ടി 1967-ലെ തെരഞ്ഞെടുപ്പിൽ പങ്കെടുക്കുകയാണെങ്കിൽ താത്വികമായി അതിനെ, അഥവാ അയാളെ പിന്താങ്ങാവുന്നതാണ്.

3) 1967-ലെ തെരഞ്ഞെടുപ്പ് നടക്കുന്നതിനു മുമ്പ് വിവിധ നിയോജക മണ്ഡലങ്ങളിലെ സ്ഥാനാർഥികളുടെ പട്ടിക പുറത്തുവന്നാൽ, മജ്‌ലിസ് ശൂറാ യോഗം വിളിക്കുന്നതും ഏതെങ്കിലും നിയോജക മണ്ഡലത്തിലെ ജമാഅത്തംഗങ്ങളിൽനിന്ന് വോട്ടെടുപ്പിൽ പങ്കെടുക്കുന്നതിലുള്ള വിലക്ക് എടുത്തുകളയേണ്ടതുണ്ടോ എന്ന് തീരുമാനിക്കുന്നതുമാണ്.

1961 ഡിസംബറിലെ ശൂറാ പ്രമേയത്തിൽ മുസ്‌ലിംകൾക്ക് നൽകപ്പെട്ട ഉപദേശങ്ങൾ, 1966 ജൂലൈയിലെ പ്രമേയത്തിൽ കൂടുതൽ വിശദീകരണങ്ങളോടെ ആവർത്തിക്കുകയുണ്ടായി

1967 ജനുവരിയിൽ യോഗം ചേർന്ന മജ്‌ലിസ് ശൂറാ, മുൻ തീരുമാനത്തിന്റെ വെളിച്ചത്തിൽ, ഏതെങ്കിലും നിയോജകമണ്ഡലത്തിലെ ജമാഅത്തംഗങ്ങളിൽനിന്ന് വോട്ടിംഗ് വിലക്ക് എടുത്തുകളയേണ്ടതുണ്ടോ എന്ന് പരിഗണിക്കുകയുണ്ടായി. നിരോധം റദ്ദാക്കുന്നതു തെരഞ്ഞെടുപ്പ് ഫലത്തിൽ സ്വാധീനം ചെലുത്തുമെങ്കിൽ, താഴെ പറയുന്ന പരിതസ്ഥിതികളിൽ വോട്ടിംഗ് വിലക്ക് എടുത്ത്കളയാവുന്നതാണ് എന്നായിരുന്നു തീരുമാനം.

1) ഇസ്‌ലാമിന്റെയോ മുസ്‌ലിംകളുടെയോ ബദ്ധവൈരികളായ ഏതെങ്കിലും പാർട്ടിയോ വിഭാഗമോ അധികാരത്തിൽ വന്നേക്കുമെന്നു ശക്തിയായ ആശങ്കയുണ്ടായിരിക്കുക.

2) സമഗ്രാധിപത്യമോ ഏകാധിപത്യമോ ആയ വ്യവസ്ഥ സ്ഥാപിക്കുവാനുദ്ദേശിക്കുന്ന വല്ല പാർട്ടിയോ വിഭാഗമോ അധികാരത്തിൽ വന്നേക്കുമെന്നു ശക്തിയായ ആശങ്കയുണ്ടായിരിക്കുക.

3) ഇസ്‌ലാമിന്റെയും മുസ്‌ലിംകളുടെയും പ്രധാന താൽപര്യങ്ങളോട് യോജിപ്പും അനുഭാവവും വെച്ചുപുലർത്തുകയും ഇസ്‌ലാമിന്റെയും മുസ്‌ലിംകളുടെയും താൽപര്യങ്ങളെ സംരക്ഷിക്കുമെന്ന് വാഗ്ദാനം ചെയ്യുകയും ചെയ്യുന്ന ഏതെങ്കിലും പാർട്ടിയോ വിഭാഗമോ അധികാരത്തിൽ വരുമെന്ന ശക്തിയായ പ്രതീക്ഷയുണ്ടായിരിക്കുക.

4) ഇസ്‌ലാമിന്റെയും മുസ്‌ലിംകളുടെയും പ്രധാന താൽപര്യങ്ങളെ സേവിക്കുന്ന വ്യക്തികൾ സംസ്ഥാന അസംബ്ലിയിലോ പാർലമെന്റിലോ എത്തിപ്പെടാതിരിക്കുക.

ഇത്തരം പരിതസ്ഥിതികളിൽ ജമാഅത്തംഗങ്ങൾ വോട്ടുചെയ്യാവുന്ന സ്ഥാനാർഥികളുടെ ഗുണങ്ങൾ ഇപ്രകാരം നിർണയിക്കപ്പെട്ടു.

1) ലാഇലാഹ ഇല്ലല്ലാഹ്; മുഹമ്മദുർറസൂലുല്ലാഹ് എന്ന ആദർശത്തിൽ വിശ്വസിക്കുന്നവനായിരിക്കുക.

2) ഇസ്‌ലാമിക നിയമങ്ങൾക്കെതിരിലുള്ള നിയമനിർമാണം നിഷിദ്ധമായി കരു

തുന്നവനായിരിക്കുക; ഇസ്‌ലാമിക നിയമ നിർദേശങ്ങൾക്കെതിരിലുള്ള നിയമനിർമാണത്തിന് അയാൾ പിന്തുണ നൽകുകയില്ലെന്ന് പ്രതീക്ഷയുണ്ടായിരിക്കുക.

ഈ ഗുണങ്ങളുള്ള സ്ഥാനാർഥികൾക്കു വോട്ടു നൽകാനുള്ള ഉപാധികൾ ശൂറാ നിർണയിച്ചത് ഇനി പറയും പ്രകാരമാണ്:

1) തെരഞ്ഞെടുപ്പിൽ ജയിച്ചാൽ മുസ്‌ലിംകളുടെ ജീവന്റെയും സ്വത്തിന്റെയും അഭിമാനത്തിന്റെയും സംരക്ഷണം, പ്രാഥമിക മത വിദ്യാഭ്യാസം, മുസ്‌ലിം വ്യക്തി നിയമം, ഉറുദു ഭാഷ, മുസ്‌ലിം വഖഫ് സ്വത്തുക്കൾ ആദിയായവയുടെ താൽപര്യ സംരക്ഷണം എന്നീ കാര്യങ്ങൾക്കു വേണ്ടി ഫലപ്രദമായ പ്രവർത്തനം നടത്തുമെന്ന് വാഗ്ദത്തം ചെയ്യുക.

2) മുകളിൽ പറഞ്ഞ പ്രശ്നങ്ങളിലുള്ള നമ്മുടെ നിലപാടിനോടും ആവശ്യങ്ങളോടും പൊതുവിൽ അനുഭാവം വെച്ചുപുലർത്തുന്നവനായിരിക്കുക

3) വാഗ്ദത്തം പാലിക്കുമെന്ന് വലിയ പ്രതീക്ഷയുള്ളവനായിരിക്കുക.

4) പ്രസ്തുത കാര്യങ്ങളിൽ നമ്മുടെ നിലപാടിനും ആവശ്യങ്ങൾക്കും കടകവിരുദ്ധമായ പോളിസി അംഗീകരിച്ചിട്ടുള്ളതോ, പ്രകടന പത്രികയിൽ നമ്മുടെ ആദർശ നയങ്ങളോട് വ്യക്തമായ രൂപത്തിൽ ഏറ്റുമുട്ടുന്ന ലക്ഷ്യം ഉൾപെടുത്തിയിട്ടുള്ളതോ ആയ ഏതെങ്കിലും പാർട്ടിയുടെ ടിക്കറ്റിൽ മത്സരിക്കുന്നവനല്ലാതിരിക്കുക.

5) രാജ്യത്ത് സമഗ്രാധിപത്യപരവും ഏകാധിപത്യപരവുമായ വ്യവസ്ഥിതി സ്ഥാപിക്കുവാനുദ്ദേശിക്കുന്ന വല്ല പാർട്ടിയുടെയും ടിക്കറ്റിൽ മത്സരിക്കുന്നവനാകാതിരിക്കുക.

6) ഇസ്‌ലാമിന്റെയും മുസ്‌ലിംകളുടെയും ബന്ധവൈരികളായ വല്ല പാർട്ടിയുടെയും ടിക്കറ്റിൽ മത്സരക്കുന്നവല്ലാതിരിക്കുക.

7) ഇസ്‌ലാമിന്റെയും മുസ്‌ലിംകളുടെയും താൽപര്യങ്ങൾക്ക് ഹാനികരമായ നിയമനിർമാണത്തെ അനുകൂലിക്കാതിരിക്കുക.

എന്നാൽ, ഈ തീരുമാനങ്ങളുടെ വെളിച്ചത്തിൽ, 1967-ലെ പൊതു തെരഞ്ഞെടുപ്പിൽ രാജ്യത്തെ ഏതെങ്കിലും സ്ഥാനാർഥിക്ക് ജമാഅത്തംഗങ്ങൾ വോട്ടു നൽകേണ്ടതാണെന്ന് ശൂറാ അഭിപ്രായപ്പെടുകയുണ്ടായില്ല.

**പഞ്ചായത്ത് തെരഞ്ഞെടുപ്പുകൾ**

1968 മേയിൽ ചേർന്ന മജ്‌ലിസ് ശൂറാ യോഗവും 1968 മജ്‌ലിസെ നുമായിന്തഗാൻ (പ്രതിനിധിസഭ) യോഗവും, ജമാഅത്തംഗങ്ങളുടെ വോട്ടിംഗ് വിലക്ക് എടുത്തുകളയുന്ന പ്രശ്നം ചർച്ച ചെയ്യുണ്ടായെങ്കിലും നിരോധം റദ്ദാക്കിയില്ല. പിന്നീട് 1974 ജൂണിൽ ബാംഗ്ലൂരിൽ സമ്മേളിച്ച മജ്‌ലിസ് ശൂറയാണ് ഇലക്ഷൻ പ്രശ്നം സമഗ്രമായി ചർച്ച ചെയ്ത ശേഷം, സുപ്രധാനമായ ചില തീരുമാനങ്ങൾ കൈകൊണ്ടത്. അതി പ്രകാരം സംഗ്രഹിക്കാം:

ജമാഅത്തെ ഇസ്‌ലാമിക്ക് യുക്തമായ സന്ദർഭത്തിൽ സ്വന്തം തത്ത്വങ്ങൾക്കു വിധേയമായി തെരഞ്ഞെടുപ്പിൽ പങ്കെടുക്കാവുന്നതാണ്. എങ്കിലും ജമാഅത്തിന്റെ സന്ദേശം വിവിധ മതക്കാരും ജാതിക്കാരുമായ ഭാരത ജനതയുടെ മധ്യത്തിൽ ഇതേവരെ ഗണ്യമായ തോതിൽ പ്രചരിപ്പിക്കുന്നതിനോ, പൊതുജനാഭിപ്രായത്തിന്റെ വലിയൊരു ഭാഗത്തെ ജമാഅത്തിന്റെ ആദർശ ലക്ഷ്യങ്ങൾക്കനുകൂലമാക്കിത്തീർക്കുന്നതിന്നോ സാധിച്ചിട്ടില്ലാത്തതിനാൽ, ഇന്ത്യയിലെ നിയമ നിർമാണ സഭകളിലേക്കുള്ള അടുത്ത പൊതു തെരഞ്ഞെടുപ്പിൽ ജമാഅത്തു പങ്കെടുക്കുന്നതല്ല."

എന്നാൽ, രാജ്യത്ത് നിവസിക്കുന്ന എല്ലാവർക്കും ജമാഅത്തിന്റെ സന്ദേശം എത്തിക്കുവാനും ബഹുജനാഭിപ്രായം അനുകൂലമാക്കിത്തീർക്കുവാനുമുള്ള പ്രവർത്തനങ്ങൾ കൂടുതൽ ത്വരിതപ്പെടുത്തണമെന്ന് കേന്ദ്ര മജ്‌ലിസ് ശൂറാ ജമാഅത്ത് പ്രവർത്തകരെ ആഹ്വാനം ചെയ്തു. ജമാഅത്തിന്റെ ലക്ഷ്യം മുമ്പിൽ വെച്ചുകൊണ്ട്, അതിന്റെ നയപരിപാടികൾ പ്രാവർത്തികമാക്കുന്നതിനു വേണ്ടി ഗ്രാമ-പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ പങ്കെടുക്കാവുന്നതാണെന്നും കേന്ദ്ര മജ്‌ലിസ് ശൂറാ തീരുമാനിച്ചു. ഇവ്വിഷയകമായി, ജമാഅത്തിന്റെ പ്രവർത്തനങ്ങൾക്ക് മതിയായ സ്വാധീനം ലഭിക്കുകയും പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ പ്രായോഗികമായി പങ്കെടുക്കാൻ സാധ്യത തെളിയുകയും ചെയ്യുന്നപ്രദേശങ്ങളുടെ സർവെ നടത്താൻ രണ്ട് സബ് കമ്മിറ്റികൾ നിയോഗിക്കപ്പെടുകയുണ്ടായി. കമ്മിറ്റികളുടെ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ ചുരുങ്ങിയത് 100 ഗ്രാമങ്ങളിലെങ്കിലും തെരഞ്ഞെടുപ്പ് പ്രവർത്തനങ്ങൾക്ക് അനുയോജ്യമാണെന്ന് ബോധ്യമായാൽ മാത്രമേ ജമാഅത്ത്, ഗ്രാമപഞ്ചായത്ത് ഇലക്ഷനിൽ പങ്കെടുക്കുന്നതിന് പ്രായോഗിക നടപടികൾ സ്വീകരിക്കുകയുള്ളൂവെന്നും തീരുമാനിക്കപ്പെട്ടു.

ബാംഗ്ലൂർ സമ്മേളനത്തിൽ താഴം കൊടുത്ത പ്രമേയവും അംഗീകരിക്കപ്പെടുകയുണ്ടായി:

"ഇന്ത്യയിൽ നിലവിലുള്ള ഭരണക്രമം ജനാധിപത്യത്തിലധിഷ്ഠിതമാണ്. ജനങ്ങൾക്ക് ശരിയായ മാർഗദർശനവും ശിക്ഷണവും നൽകുകയാണെങ്കിൽ അവരുടെ വിധി ഇസ്‌ലാമിക വ്യവസ്ഥയുടെ സംസ്ഥാപനത്തിന്നനുകൂലമായി ഉപയോഗപ്പെടുത്താൻ തികഞ്ഞ സാധ്യതയുണ്ടെന്നതിനാൽ നിലവിലുള്ള ഈ ഭരണ സമ്പ്രദായം നമ്മെ സംബന്ധിച്ചിടത്തോളം അഭിലഷണീയമാണ്. എന്നാൽ ഇവിടത്തെ ജനപ്രതിനിധികൾ ഏതൊരു ഭരണവ്യവസ്ഥയുടെ ആവിഷ്കാരത്തിന്നാണോ നിശ്ചയം ചെയ്തിരിക്കുന്നത് ആ വ്യവസ്ഥ ദൈവത്തിന്റെ അധികാര പദവിയുടെ അംഗീകാരത്തിലോ ദൈവത്തിന്റെ പരമാധികാര വിഭാവനയിലോ അധിഷ്ഠിതമല്ല. പ്രത്യുത, ജനങ്ങളുടെ തന്നെ സ്വന്തം ആധിപത്യത്തിലും പരമാധികാര സങ്കൽപത്തിലുമധിഷ്ഠിതമാണ്. ഈ സമ്പ്രദായം ദൈവത്തിന്റെ ആധിപത്യത്തിനോ പരമാധികാരി ദൈവമാണെന്ന മൗലിക സങ്കൽപത്തിനോ യാതൊരു ഉറപ്പും നൽകുന്നില്ല. അതിനാൽ ഈ വ്യവസ്ഥ അതിന്റെ അടിസ്ഥാനം പരിഗണിക്കുമ്പോൾ അനിസ്‌ലാമികവും സത്യവിരുദ്ധവുമാണ്. അതിനാൽ ഈ വ്യവസ്ഥയിലെ അബദ്ധവും അപകടവും അതിന്റെ ദുരന്തഫലങ്ങളും ജമാഅത്ത് വ്യക്തമാക്കിക്കൊണ്ടിരിക്കും. അതിനെതിരിൽ ഇസ്‌ലാമിക വ്യവസ്ഥയുടെ സത്യനിഷ്ഠയും പ്രയോഗ തലത്തിലുള്ള അതിന്റെ അനുഗ്രഹങ്ങളും വിവരിച്ചുകൊടുക്കും. ഈ ദ്വിതീയ ശ്രമങ്ങളിലൂടെ രാജ്യ നിവാസികളെ സത്യമതത്തിലേക്ക് പ്രബോധനം ചെയ്യുന്നതായിരിക്കും. നിലവിലുള്ള ഭരണ വ്യവസ്ഥയെക്കുറിച്ചു മുമ്പ് അംഗീകരിച്ച ഈ തീരുമാനം ഇപ്പോഴും നിലവിലുണ്ട്.

"ഇതോടൊപ്പം തന്നെ ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ പ്രചാരണത്തിനും മൊത്തത്തിലുള്ള താൽപര്യങ്ങൾക്കും വേണ്ടി നിലവിലുള്ള ഭരണകൂടത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന വിദ്യാഭ്യാസ - സാമൂഹ്യക്ഷേമ സ്ഥാപനങ്ങളിൽനിന്ന് ശറഇന്റെ പരിധിക്കകത്തു നിന്നുകൊണ്ട് പ്രയോജനങ്ങൾ സ്വീകരിക്കുകയും അവയെ കൂടുതൽ പ്രയോജനകരമാക്കാനുള്ള ശ്രമങ്ങൾ നടത്തുകയും ചെയ്യുന്നതാണ്. കൂടാതെ ഇസ്‌ലാമിന്റെയും ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെയും അനിവാര്യ താൽപര്യങ്ങൾക്കുവേണ്ടി, ജമാഅത്തിന്റെ തീരുമാനങ്ങൾക്കനുസൃതമായി, രാഷ്ട്രീയ സ്ഥാപനങ്ങളെയും പ്രയോജനപ്പെടുത്താവുന്നതാണ്. ഉപര്യുക്തമായ എല്ലാ രൂപത്തിലും പ്രയോജനപ്പെടുത്തൽ, കൂട്ടായ തീരുമാനത്തിന്റെ അടിസ്ഥാനത്തിലായിരിക്കണമെന്ന കാര്യം പ്രത്യേകം ദീക്ഷിക്കുന്നതായിരിക്കും."

**അടിയന്തരാവസ്ഥക്കു ശേഷം**

1975 ജൂൺ 25-ാംനു രാജ്യത്ത് നടപ്പാക്കപ്പെട്ട അടിയന്തരാവസ്ഥ ഇന്ത്യൻ ജമാഅത്തെ ഇസ്‌ലാമിയെ സംബന്ധിച്ചിടത്തോളം നിർണായകമായിരുന്നു. തികച്ചും അന്യായമായും അകാരണമായും സംഘടന നിരോധിക്കപ്പെടുകയും, നേതാക്കളും പ്രവർത്തകരും ഉൾപെടെ 700-ൽപരം പേർ കാരാഗൃഹത്തിലടക്കപ്പെടുകയും ചെയ്തു. ഹൈന്ദവ തീവ്രവാദി പ്രസ്ഥാനമായ ആർ.എസ്.എസിനോടൊപ്പം, സന്തുലിതത്വം നിലനിർത്താൻ, ജമാഅത്തെ ഇസ്‌ലാമിയെ

ബലിയാടാക്കുകയായിരുന്നു ഇന്ദിരാ സർക്കാർ. പക്ഷേ, നീതിമാനായ അല്ലാഹു തന്റെ അടിമകളെ സഹായിക്കുക തന്നെ ചെയ്തു. ബാഹ്യമായ എല്ലാ കണക്കുകൂട്ടലുകളും തനിക്കനുകൂലമാണെന്നു കണ്ട ശ്രീമതി ഇന്ദിരാഗാന്ധി 1977-ൽ പൊതു തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ചു. പ്രതിപക്ഷം ഒറ്റക്കെട്ടായി, അവർക്കെതിരെ അണിനിരന്നു. അടിയന്തരാവസ്ഥ എടുത്തുകളയാനും കേന്ദ്ര സർക്കാരിന് അമിതാധികാരങ്ങൾ ഉറപ്പുവരുത്തുന്ന 42-ാം ഭരണഘടനാ ഭേദഗതി റദ്ദാക്കാനും സംഘടനകളുടെ പേരിലുള്ള നിരോധം നീക്കാനുമായിരിക്കും തങ്ങൾ സർവഥാ പ്രാധാന്യം കൽപിക്കുകയെന്ന് അവർ ജനങ്ങൾക്കുറപ്പു നൽകി. ജമാഅത്ത് നിരോധിക്കപ്പെട്ടിരിക്കുകയായിരുന്നുവെങ്കിലും, നേതാക്കളും പ്രവർത്തകരും സന്ദർഭത്തിനൊത്തുയർന്നു. പ്രവർത്തന സ്വാതന്ത്ര്യം വീണ്ടെടുക്കാനും രാജ്യത്തെ ഏകാധിപത്യ പ്രവണതകളിൽനിന്ന് രക്ഷിക്കാനും ഇലക്ഷനെ പ്രയോജനപ്പെടുത്തുന്നത് തികച്ചും ഇസ്‌ലാമികവും ന്യായവുമായ അവകാശമാണെന്നവർ മനസ്സിലാക്കി. ലോക്സഭാ തെരഞ്ഞെടുപ്പിലും തുടർന്ന് നടന്ന സംസ്ഥാന അസംബ്ലി തെരഞ്ഞെടുപ്പുകളിലും ജമാഅത്ത്, പ്രതിപക്ഷത്തിനുകൂലമായി വോട്ട് രേഖപ്പെടുത്തി. ഫലം, സന്തുഷ്ടിക്കും സംതൃപ്തിക്കും വക നൽകുന്നതായിരുന്നു. ഇന്ദിരാ സർക്കാർ തറപറ്റി. ജനതാ ഗവൺമെന്റ് അധികാരത്തിൽവന്നു. അടിയന്തരാവസ്ഥ നീങ്ങി; ഭരണഘടനാ ഭേദഗതി റദ്ദായി. ജമാഅത്തെ ഇസ്‌ലാമിക്ക് പ്രവർത്ത സ്വാതന്ത്ര്യം വണ്ടുകിട്ടി. എന്നാൽ, ജമാഅത്തംഗങ്ങൾ ചരിത്രത്തിലാദ്യമായി തങ്ങളുടെ സമ്മതിദാനാവകാശം വിനിയോഗിച്ചത് ഒരിക്കലും ഏതെങ്കിലും പാർട്ടിക്കനുകൂലമായോ പ്രതികലമായോ, ഏതെങ്കിലും അനിസ്‌ലാമിക പ്രത്യേയശാസ്ത്രത്തോടുള്ള വിധേയത്വം മൂലമോ ആയിരുന്നില്ലെന്ന് പ്രത്യേകം ശ്രദ്ധിക്കപ്പെടേണ്ടതാണ്. സംഘടനയുടെ പ്രവർത്തന സ്വാതന്ത്ര്യം പുനഃസ്ഥാപിക്കപ്പെടാനും രാജ്യത്ത് ജനാധിപത്യപരവും മൗലികവുമായ അവകാശങ്ങൾ വീണ്ടുകിട്ടാനും വഴിതുറക്കാനുമായിരുന്നു ജമാഅത്തിന്റെ ലക്ഷ്യം. അതിനാൽ തന്നെ, സാഹചര്യം മാറുകയും 1980-ൽ ജനതാ ഗവൺമെന്റിന്റെ പതനത്തെത്തുടർന്ന് ഇടക്കാല തെരഞ്ഞെടുപ്പ് വേണ്ടിവരികയും ചെയ്തപ്പോൾ ജമാഅത്ത് ഇലക്ഷനിൽ പങ്കെടുക്കുകയോ, സമ്മതിദാനാവകാശം ആർക്കെങ്കിലും അനുകൂലമായി ഉപയോഗപ്പെടുത്തുകയോ ചെയ്തില്ല. ചിലർ ആരോപിക്കും പോലെ ജനതാ ഗവൺമെന്റിനോട് ഏതെങ്കിലും പ്രതിബദ്ധതയോ കോൺഗ്രസിനോട് സ്ഥിരമായ ശാത്രവമോ ജമാഅത്തിനുണ്ടായിരുന്നുവെങ്കിൽ, '80 ലെ തെരഞ്ഞെടുപ്പിലും അതിലെ അംഗങ്ങൾ വോട്ട് രേഖപ്പെടുത്തേണ്ടതായിരുന്നുവല്ലോ.

എന്നാൽ, 1977 മാർച്ചിൽ ജമാഅത്തെ ഇസ്‌ലാമി പ്രവർത്തനം പുനരാരംഭിച്ച ശേഷം തെരഞ്ഞെടുപ്പ് വിഷയം ചർച്ചാവിഷയമാക്കുകയും പുനഃപരിശോധിക്കുകയും ചെയ്തിട്ടുണ്ട്. അതിന്റെ ഭാഗമായിരുന്നു 1978 മെയ് 26 മുതൽ 30 വരെ ഭോപാലിൽ ചേർന്ന, ജമാഅത്തംഗങ്ങളുടെ അഖിലേന്ത്യാ കൺവെൻഷൻ. സമ്മേളനത്തിൽ ഇനിപ്പറയുന്ന വിഷയങ്ങൾ സവിസ്തരം ചർച്ച ചെയ്യപ്പെട്ടു:

1) രാജ്യത്ത് നിലവിലുള്ള വ്യവസ്ഥയുടെ നില.

2) ഇന്ത്യയിൽ ഇഖാമത്തുദ്ദീനിനുള്ള മാർഗം.

3) ജമാഅത്തെ ഇസ്‌ലാമിയും സാമുദായിക പ്രശ്നങ്ങളും.

4) ജമാഅത്തെ ഇസ്‌ലാമിയും ഇലക്ഷനും.

രാജ്യത്തിലെ വ്യവസ്ഥിതിയെക്കുറിച്ച ചർച്ചയിൽ, അത് അനിസ്‌ലാമികവും സത്യവിരുദ്ധവുമാണെന്നും അത് മാറ്റുകയും തദ്സ്ഥാനത്ത് സത്യവ്യവസ്ഥ സ്ഥാപിക്കുകയാണ് ജമാഅത്തെ ഇസ്‌ലാമിയുടെ ലക്ഷ്യമെന്നും ചർച്ചയിൽ പങ്കെടുത്ത എല്ലാവരും പൊതുവെ അംഗീകരിക്കുകയുണ്ടായി. എന്നാൽ മറ്റു വിഷയങ്ങളിൽ വ്യത്യസ്തവും ഭിന്നവുമായ വീക്ഷണഗതികൾ ഉയർന്നുവന്നു. ജമാഅത്തിന്റെ ഇതപര്യന്തമുള്ള ഇലക്ഷൻ നയത്തിൽ ഒരു മാറ്റവും സമ്മേളനം നിർദേശിക്കുകയുണ്ടായില്ല.

അതോടൊപ്പം, തെരഞ്ഞെടുപ്പിനെ ലക്ഷ്യപ്രാപ്തിക്കുള്ള മാർഗമായി പ്രയോജനപ്പെടുത്തണമെന്ന അഭിപ്രായഗതി ജമാഅത്തിൽ ശക്തിപ്പെട്ടുവരികയായിരുന്നു. യുക്തമായ സന്ദർഭത്തിൽ തെരഞ്ഞെടുപ്പിൽ പങ്കെടുക്കുന്നതാണെന്ന് ജമാഅത്ത് പോളിസിയിൽ മുമ്പേ പറഞ്ഞുപോന്നിട്ടുണ്ട്.1981-1986 കാലത്തെ പോളിസി, പ്രോഗ്രാമിന്റെ ആമുഖത്തിൽ ഇപ്രകാരം രേഖപ്പെടുത്തിയതായി കാണാം.

"ഈ ലക്ഷ്യപ്രാപ്തിക്ക് ഖുർആന്റെയും സുന്നത്തിന്റെയും നിർദേശങ്ങളനുസരിച്ച് ധാർമികവും നിർമാണപരവും സമാധാനപൂർവകവും നിയമാനുസൃതവുമായ മാർഗങ്ങളാണ് ജമാഅത്തെ ഇസ്‌ലാമി അവലംബിക്കുന്നത്."

"വിശ്വസ്തതക്കും സത്യസന്ധതക്കും നിരക്കാത്തതോ, വർഗീയവൈരവും വർഗീയ സംഘട്ടനവും നാട്ടിൽ കലാപവും സൃഷ്ടിക്കുന്നതോ ആയ എല്ലാ കാര്യങ്ങളിൽനിന്നും ജമാഅത്ത് വിട്ടുനിൽക്കുന്നതാണ്. 'ജനാധിപത്യപരവും നിയമാനുസൃതവും' എന്നതിന്റെ വിവക്ഷയിൽ തെരഞ്ഞെടുപ്പ് രാഷ്ട്രീയത്തിൽ പങ്കെടുക്കുന്നതും ഉൾപെടുന്നു. ആകയാൽ സ്വന്തം തത്വങ്ങൾക്കു വിധേയമായി യുക്തമായ സന്ദർഭത്തിൽ തെരഞ്ഞെടുപ്പിൽ പങ്കെടുക്കുന്നതാണ്."

1983 ഏപ്രിൽ മാസത്തിൽ ഇന്ത്യൻ ജമാഅത്തെ ഇസ്‌ലാമി അമീർ മൗലാനാ അബുല്ലൈസുമായി 'ഖൗമി ആവാസ്' പത്രത്തിന്റെ പ്രതിനിധി നടത്തിയ ഇന്റർവ്യൂവിൽ ഇപ്രകാരം ചോദിക്കുകയുണ്ടായി: "നിലവിലുള്ള ജനാധിപത്യ സംവിധാനത്തിൽ വിശ്വാസമില്ലാത്തതു കൊണ്ടാണോ, തെരഞ്ഞെടുപ്പുകളിൽ പങ്കെടുക്കാത്തത്?"

അമീർ മറുപടി നൽകി: "ജമാഅത്ത് തെരഞ്ഞെടുപ്പുകളിൽനിന്ന് വിട്ടുനിൽക്കാനുള്ള കാരണം ചോദ്യത്തിൽ സൂചിപ്പിച്ചതല്ല. പാശ്ചാത്യൻ ജനാധിപത്യവും ഇസ്‌ലാമിക ജനാധിപത്യവും തമ്മിൽ അന്തരമുണ്ട്. പാശ്ചാത്യ ജനായത്തത്തിന്റെ അടിസ്ഥാനത്തിലുള്ള രാഷ്ട്രീയ സംവിധാനം അതിന്റെ എല്ലാ വശങ്ങളോടുംകൂടി സ്വീകാര്യമാണെന്നു ഞങ്ങൾ കരുതുന്നില്ല. എന്നാൽ ഏകാധിപത്യപരവും സമഗ്രാധിപത്യപരവുമായ സംവിധാനങ്ങളെ അപേക്ഷിച്ച് ഈ സംവിധാനംഎത്രയോ മെച്ചപ്പെട്ടതും മുൻഗണനാർഹവുമാകുന്നു. അതിനാൽ ഇലക്ഷനിൽ നിന്നുള്ള ജമാഅത്തിന്റെ വിട്ടുനിൽപ്പിനെ നിലവിലുള്ള രാഷ്ട്രീയ സംവിധാനത്തോടുള്ള അനിഷ്ടവുമായി ബന്ധിപ്പിക്കുന്നത് ശരിയല്ല. ഇലക്ഷനിൽ പങ്കെടുക്കാൻ അനുയോജ്യമായ പരിസ്ഥിതിയല്ല ഇപ്പോൾ ഉള്ളത് എന്നതാണ് അതിന്റെ യഥാർഥ കാരണം. അനുയോജ്യമായ സന്ദർഭത്തിൽ, ജമാഅത്തിന് തെരഞ്ഞെടുപ്പിൽ പങ്കെടുക്കാവുന്നതാണെന്ന് ഞങ്ങളുടെ പോളിസി പ്രോഗ്രാമിൽ എഴുതിയത് നിങ്ങൾക്കു കാണാൻ കഴിയും."

"ജമാഅത്ത് അംഗങ്ങൾ വോട്ട് ചെയ്യാറുമില്ലേ" എന്നു പത്രപ്രതിനി വീണ്ടും ചോദിച്ചപ്പോൾ അമീർ പറഞ്ഞു:

"ജമാഅത്ത് തെരഞ്ഞെടുപ്പിൽ പങ്കെടുക്കാൻ തീരുമാനിച്ചിട്ടില്ലാത്തതിനാൽ വോട്ട് ചെയ്യാറുമില്ല. അംഗങ്ങളുടെ മേൽ വോട്ടവകാശ വിനിയോഗം തടയുന്ന സംഘടനാ വ്യവസ്ഥ റദ്ദാക്കുന്നതിനെക്കുറിച്ച് ഞങ്ങൾ പലവട്ടം ആലോചിച്ചിട്ടുണ്ട്. പക്ഷേ, ഇതേവരെ തീരുമാനമെടുക്കാൻ കഴിഞ്ഞിട്ടില്ല. ഈ പ്രശ്നം ഇപ്പോഴും ഞങ്ങളുടെ വിചിന്തനത്തിലുണ്ട്."

**സോപാധികമായ അനുവാദം**

തുടർന്ന് ജമാഅത്തിന്റെ ഉന്നതതലത്തിൽ ഇലക്ഷനെക്കുറിച്ചു നടന്ന ചർച്ചകളിൽ പ്രാമുഖ്യം ലഭിച്ചത്, അംഗങ്ങൾ സമ്മതിദാനാവകാശം വിനിയോഗിക്കുന്നതിലുള്ള നിരോധം എടുത്തുകളയുന്ന പ്രശ്നത്തിലാണ്. കാരണം, ഇലക്ഷനിൽ ജമാഅത്തിനു താത്വികമായി പങ്കെടുക്കാവുന്നതാണെന്ന് നേരത്തെ തീരുമാനിക്കപ്പെട്ടിരുന്നു. പ്രയോഗത്തിൽ അതിന്നു സാഹചര്യം അനുകൂലമായിത്തീർന്നിട്ടില്ലെന്നും

പൊതുവെ മനസ്സിലാക്കപ്പെടുകയുണ്ടായി. മറുവശത്ത്, പ്രസ്ഥാനത്തിന്റെ സ്വാധീനവലയം വികസിച്ചു വരുന്നതനുസരിച്ച്, രാജ്യത്തിലെ മാറ്റങ്ങൾ നന്മക്കും പ്രസ്ഥാനത്തിനു ഇസ്‌ലാമിനും സമുദായത്തിനും അനുകൂലമാക്കിത്തീർക്കുമാറ് പ്രസ്ഥാനബന്ധുക്കളുടെ സമ്മതിദാനാവകാശം വിനിയോഗിക്കേണ്ടതിന്റെ ആവശ്യകതയും ബോധ്യപ്പെട്ടുകൊണ്ടേ വന്നു. ഈ പരിതസ്ഥിതിയിലായിരുന്നു, '84 ഏപ്രിലിലും ഒക്ടോബറിലും നവംബറിലും യോഗം ചേർന്ന് മജ്‌ലിസ് ശൂറ വോട്ടവകാശ വിലക്ക് നീക്കം ചെയ്യുന്നതിനെക്കുറിച്ച് സവിസ്തരമായ വിചിന്തനം നടത്തിയത്. നവംബറിലെ യോഗം, ജമാഅത്ത് അംഗങ്ങൾക്ക് വോട്ട് രേഖപ്പെടുത്താൻ സോപാധികം അനുവാദം നൽകാവുന്നതാണെന്ന് താത്വികമായി തീരുമാനിച്ചു. യഥാർഥത്തിൽ, 1967 ജനുവരിയിൽ ശൂറാ തന്നെ കൈകൊണ്ട ഒരു തീരുമാനത്തിന്റെ വെളിച്ചത്തിലായിരുന്നു പുതിയ തീരുമാനം. (അത് നേരത്തെ ഉദ്ധരിച്ചിട്ടുണ്ട്.) വോട്ടവകാശം വിനിയോഗിക്കുന്നതിനുള്ള ഉപാധികൾ പഠിച്ച് ശുപാർശ ചെയ്യാൻ ശൂറ ഒരു ഉപസമിതിയെ നിയോഗിക്കുകയും ചെയ്തു. ഉപസമിതി സമർപിച്ച ശുപാർശകളുടെ വെളിച്ചത്തിൽ, 1985 ഫെബ്രുവരി 15 മുതൽ 20 വരെ യോഗം ചേർന്ന മജ്‌ലിസുശൂറ ഇനി പറയുന്ന തീരുമാനം കൈകൊണ്ടു:

"നിഷിദ്ധങ്ങളുടെയും സർവവിധ തിന്മകളുടെയും നിർമൂലനവും രാജ്യത്ത് മാനുഷിക മൂല്യങ്ങളുടെ പ്രചാരണവുമാണ് ജമാഅത്തെ ഇസ്‌ലാമി ആഗ്രഹിക്കുന്നതെന്ന് അതിന്റെ പ്രബോധനത്തിൽനിന്നും നയപരിപാടികളിൽനിന്നും നല്ലപോലെ വ്യക്തമാകുന്നതാണ്. അക്രമവും അനീതിയും തുടച്ചുമാറ്റി ന്യായവും നീതിയും സംസ്ഥാപിക്കാനാണ് അത് പരിശ്രമിക്കുന്നത്. മനുഷ്യന്റെ മൗലികാവകാശങ്ങൾ, വിശിഷ്യ ജീവനും ധനവും അഭിമാനവും പൂർണമായി സുരക്ഷിതമായിരിക്കണമെന്ന് അത് ആഗ്രഹിക്കുന്നു. സാമൂഹിക-സാമ്പത്തിക നീതി എല്ലാർക്കും സുപ്രാപ്യമായിരിക്കണം. വർഗീയതയും സാംസ്കാരികമായ ആക്രമണവാഞ്ഛയും അവസാനിപ്പിക്കുകയും ഏകാധിപത്യ- സമഗ്രാധിപത്യ പ്രവണതകളുടെ പഴുതടക്കപ്പെടുകയും വേണം. ജനാധിപത്യ മൂല്യങ്ങൾ വളർന്നു പരിപുഷ്ടമായത്തീരണം. രാജ്യത്ത് നിലനിൽക്കുന്ന സാമ്പത്തിക ചൂഷണ മാർഗങ്ങൾ അവസാനിപ്പിക്കപ്പെടുകയും ദാരിദ്ര്യവും പട്ടിണിയും രോഗവും അജ്ഞതയും ഉന്മൂലനം ചെയ്യപ്പെടുകയും വേണം. അസമത്വം, ഉച്ചനീചത്വം, ഐത്തം തുടങ്ങിയ സാമൂഹ്യ ദോഷങ്ങൾക്കറുതിവരുത്തി പിന്നോക്ക വിഭാഗങ്ങൾ സാമ്പത്തിക-സാമൂഹിക മേഖലകളിലേക്ക് ഉയർത്തപ്പെടണം. പ്രാദേശികവും ഭാഷാപരവുമായ പക്ഷപാതിത്വങ്ങളും മത-ഭാഷാ-സാസ്കാരിക ന്യൂനപക്ഷങ്ങളോടുള്ള വിദ്വേഷവും അസ്തമിക്കണം. ഇതൊക്കെയാണ് ജമാഅത്തിന്റെ ആഗ്രഹം.

"നമ്മുടെ രാജ്യം വ്യത്യസ്ത മത-സാംസ്കാരിക ന്യൂനപക്ഷങ്ങളുടെ തൊട്ടിലാണ്. തങ്ങളുടെ വ്യക്തിത്വവം ഭാഷയും സവിശേഷ സംസ്കാരവും പരിരക്ഷിക്കാനും പുഷ്ടിപ്പെടുത്താനുമുള്ള അവകാശം ഭരണഘടന അവർക്ക് ഉറപ്പു നൽകിയിട്ടുണ്ട്. ദൗർഭാഗ്യവശാൽ ഈ മൗലികാവകാശങ്ങളുടെ പാതയിൽ സംസ്കാരികമായ ആക്രമണ മനഃസ്ഥിതിയും വർഗീയ വിദ്വേഷവും ശക്തമായ പ്രതിബന്ധം സൃഷ്ടിച്ചുകൊണ്ടിരിക്കുന്നു. ഇത് സാമുദായികോദ്ഗ്രഥനത്തിനും രാജ്യത്തന്റെ ഭദ്രതക്കും ഒരുപോലെ ഹാനികരമായി ഭവിക്കുന്നു. വിശിഷ്യ, ഈ വഷയകമായി വ്യക്തിനിയമ, മത വിദ്യാഭ്യാസം, വഖഫുകൾ, ഭാഷ തുടങ്ങിയ സുപ്രധാന മുസ്‌ലിം പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്ന സങ്കുചിതവും വിദ്വേഷാത്മകവുമായ സമീപനത്തെയും അനിശ്ചിതത്വത്തെയും സംബന്ധിച്ചു കൂടുതൽ വിശദീകരിക്കേണ്ട ആവശ്യമില്ല. ഏകാധിപത്യപരവും സമഗ്രാധിപത്യപരവുമായ പ്രവർത്തന രീതി ഇഷ്ടപ്പെടുകയും അത്തരം പ്രവണതകൾ പ്രകടമാക്കപ്പെടുകയും ചെയ്യുന്ന ശക്തികളെയും ഗൗരവപൂർവം കണക്കിലെടുക്കേണ്ടതുണ്ട്. ജനാധിപത്യത്തിന്റെ പുനഃസ്ഥാപനവും പരിരക്ഷണവും ജമാഅത്തിന്റെ പക്കൽ സുപ്രധാനമായ ഒരാവശ്യമത്രെ.

"ജമാഅത്ത് അതിന്റെ ലക്ഷ്യങ്ങളും ഉദ്ദേശ്യങ്ങളും നേടിയെടുക്കാൻ ഭരണഘടനാപരവും ജനാധിപത്യപരവും സമാധാനപൂർവവുമായ മാർഗങ്ങളാണ് അവലംബിച്ചുവരുന്നത്. ബഹുജനാഭിപ്രായം വളർത്തിയടുക്കാൻ ഉദ്ബോധനപരവും പ്രേരണാത്മകവുമായ രീതികൾ ഉപയോഗപ്പെടുത്തിവരുന്നു. പൊതുവെ, മത-ജാതി പരിഗണനകൾ കൂടാതെ മൊത്തം രാജ്യനിവാസികളുടെയും വിശിഷ്യ മുസ്‌ലിം സമൂഹത്തിന്റെയും സഹകരണ-പങ്കാളിത്തങ്ങൾ ജമാഅത്ത് ആഗ്രഹക്കുന്നു. അതിനായി യത്നിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. നമ്മുടെ ദൃഷ്ടിയിൽ ഈ ലക്ഷ്യം സാധിതമാക്കുന്നതിന് തെരഞ്ഞെടുപ്പാകട്ടെ, നല്ലൊരു മാർഗം തന്നെ. ഇക്കാരണത്താലാണ് 1977-ൽ നടന്ന ചില അസംബ്ലി തെരഞ്ഞെടുപ്പുകൾ ജനാധിപത്യത്തിന്റെ സംരക്ഷണത്തിന്റെയും അതോടനുബന്ധിച്ച് 42-ാം ഭരണഘടനാ ഭേദഗതി റദ്ദ് ചെയ്യുന്നതിന്റെയും മുഖ്യ പ്രശ്നങ്ങൾ രാജ്യത്തിന്റെ മുമ്പാകെ വന്നപ്പോൾ ജമാഅത്ത് അംഗങ്ങൾക്ക് വോട്ടവകാശം വിനിയോഗിക്കാൻ അനുമതി നൽകിയത്. പ്രസ്തുത കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിൽ '85 ഫെബ്രുവരിയിൽ ചേർന്ന ജമാഅത്തിന്റെ കേന്ദ്ര മജ്‌ലിസ് ശൂറയുടെ ഈ യോഗം പാർലമെന്റ്-അസംബ്ലി തെരഞ്ഞെടുപ്പുകളിൽ ചില നിബന്ധനകൾക്ക് വിധേയമായി ജമാഅത്ത് അംഗങ്ങൾക്ക് സമ്മതിദാനാവകാശം വിനിയോഗിക്കാവുന്നതാണെന്ന് തീരുമാനിച്ചിരിക്കുന്നു.

ജമാഅത്തിന്റെ മേൽപറഞ്ഞ സുപ്രധാന ലക്ഷ്യങ്ങളോട് യോജിപ്പുള്ള സ്ഥാനാർഥികൾ മാത്രമേ അയാൾ മുസ്‌ലിമാകട്ടെ, അമുസ്‌ലിമാകട്ടെ തങ്ങളുടെ വോട്ടിന് അർഹരാവുകയുള്ളൂ. അവയ്ക്കുവേണ്ടി പരമാവധി പരിശ്രമിക്കുമെന്ന് അവർ വാഗ്ദാനം ചെയ്യുകയും ആ വാഗ്ദാനം പാലിക്കപ്പെടുമെന്ന് അവരെക്കുറിച്ച് പ്രതീക്ഷയുണ്ടായിരിക്കുകയും വേണം. കൂടാതെ തങ്ങളുടെ വോട്ടിനർഹരായ സ്ഥാനാർഥികൾ രാജ്യത്തെ ന്യൂനപക്ഷങ്ങൾക്ക്, വിശിഷ്യ മുസ്‌ലിം ന്യൂനപക്ഷത്തിന് ഭരണഘടന നൽകിയ ഉറപ്പുകളെക്കുറിച്ച് മൊത്തത്തിൽ ഗ്രാഹ്യതയുള്ളവരും അവയോട് അനുഭാവം പുലർത്തുന്നവരും ആയിരിക്കേണ്ടതുണ്ട്. തങ്ങൾ തെരഞ്ഞെടുക്കപ്പെടുന്നപക്ഷം ന്യൂനപക്ഷങ്ങളുടെ നിലപാടിനും ആവശ്യങ്ങൾക്കും പിന്തുണ നൽകുമെന്ന് മാത്രമല്ല, അവർക്ക് ദോഷകരമാവുന്ന ഏതു നിയമനിർമാണത്തെയും പിന്തുണക്കുന്നതിനിന്ന് മൊത്തത്തിൽ ഒഴിഞ്ഞുനിൽക്കുമെന്നു കൂടി അവർ വാഗ്ദാനം ചെയ്യേണ്ടതാണ്."

"ജനാധിപത്യ ശത്രുക്കളും ന്യൂനപക്ഷ വിരോധികളുമായ ചില വിഭാഗങ്ങളും ഇവിടെയുണ്ടെന്നതാണ് നമ്മുടെ രാജ്യത്തിന്റെ മറ്റൊരു ഹതഭാഗ്യം. ഏകാധിപത്യ സമഗ്രാധിപത്യ വ്യവസ്ഥകളോട് ആഭിമുഖ്യം പുലർത്തുന്ന അത്തരം ഏതെങ്കിലും പാർട്ടികളുമായി ബന്ധമുള്ള സ്ഥാനാർഥികൾ ഒരിക്കലും ഞങ്ങളുടെ വോട്ടിനർഹരായിരിക്കുന്നതല്ല."

"രാജ്യം കടന്നുപോയിക്കൊണ്ടിരിക്കുന്ന ധാർമികാരാജകത്വത്തിന്റെ പാശ്ചാത്തലത്തിൽ സ്ഥാനാർഥികളുടെ സ്വഭാവ ദാർഢ്യവും ജീവിതവിശുദ്ധിയും കൂടി പരിഗണിക്കേണ്ടത് വളരെ ആവശ്യമാണ്. അതിനാൽ തങ്ങളുടെ പരിചിത വൃത്തത്തിൽ സത്യസന്ധരും സദ്ഗുണസമ്പന്നരുമായി അറിയപ്പെടുന്ന വ്യക്തികളായിരിക്കണം വോട്ടിനർഹരായ സ്ഥാനാർഥികളായി പരിഗണിക്കപ്പെടേണ്ടത്."

ഉപര്യുക്ത തീരുമാനം അവധാനപൂർവം പരിശോധിക്കുന്ന ആർക്കും വ്യക്തമാവുന്ന ഒരു വസ്തുതയുണ്ട്. നിരന്തരവും സുവിശദവും ഗൗരവപൂർണവുമായ വിചിന്തനങ്ങളിലൂടെ ജമാഅത്ത് മജ്‌ലിസ് ശൂറ കൈകൊണ്ട ഈ തീരുമാനം പ്രസ്ഥാനത്തിന്റെ ഉത്തമതാൽപര്യങ്ങൾ കണക്കിലെടുത്തപോലെ സാഹചര്യത്തിന്റെ അനിവാര്യതകളും പരിഗണിച്ചുകൊണ്ടുള്ളതാണ്. ഇത്തരമൊരു തീരുമാനം അനിവാര്യമാക്കിത്തീർത്ത സാഹചര്യങ്ങളെ ഇങ്ങനെ സംഗ്ര

ഹിക്കാം:

ഒന്ന്, രാജ്യത്ത് ധർമച്യുതിയും മൂല്യത്തകർച്ചയും മുമ്പൊരിക്കലുമില്ലാത്തവിധം രൂക്ഷമാവുകയും സുപ്രധാന രാജ്യരക്ഷാ രഹസ്യങ്ങൾ വരെ മദ്യത്തിനും മദിരാക്ഷിക്കും വേണ്ടി ഉന്നതന്മാർ വിൽപ്പന നടത്തുന്ന സ്ഥിതിയോളം രംഗം വഷളാവുകയും ചെയ്തിരിക്കുന്നു. അഴിമതി രാഷ്ട്രീയ ജീവിതത്തെയാസകലം അർബുദം കണക്കെ കാർന്നുതിന്നുകയാണ്. ഈ പരിതസ്ഥിതിയിൽ താരതമ്യേന ധർമബോധവും ജീവിത വിശുദ്ധിയും കർമനിഷ്ഠയുമുള്ള ജനപ്രതിനിധികൾ ഉന്നത തലങ്ങളിൽ എത്തിപ്പെടാൻ വഴിയൊരുക്കേണ്ടത് രാജ്യത്തിന്റെ പൊതു നന്മയിൽ താൽപര്യമുള്ള എല്ലാവരുടെയും ചുമതലയാകുന്നു.

രണ്ട്, ഫാസിസ്റ്റ് തീവ്രവർഗീയശക്തികൾ മുമ്പെന്നെത്തേക്കാളും കരുത്താർജിക്കുന്നു. മത ന്യൂനപക്ഷങ്ങളുടെ നിലനിൽപിനും സുരക്ഷിതത്വത്തിന്നും നേരെയുള്ള ഈ ഭീഷണി നാൾക്കുനാൾ ശക്തിപ്പെട്ടുവരികയാണ്. സെക്യുലറിസത്തോടുള്ള പ്രതിബദ്ധത ആണയിട്ടു പറയുന്ന ഭരണാധികാരികളാവട്ടെ വോട്ടുകൾക്കും സീറ്റുകൾക്കും വേണ്ടിയുള്ള വ്യഗ്രതയിൽ അത്തരം ശക്തികളെ പ്രീണിപ്പിക്കുന്നതായിട്ടാണനുഭവം. ഈ സാഹചര്യത്തിൽ മതനിരപേക്ഷതയിലും മതമൈത്രിയിലും ന്യൂനപക്ഷങ്ങളുടെ സുരക്ഷിതത്വത്തിലും താരതമ്യേന ആത്മാർഥതയുള്ളവർ ജയിച്ചുവരാൻ സമ്മതിദായകർ പൊതുവിലും ന്യൂനപക്ഷങ്ങൾ വിശേഷിച്ചും പ്രത്യേക താൽപര്യമെടുക്കേണ്ടതാണ്.

മൂന്ന്, ഇസ്‌ലാമികപ്രസ്ഥാനം ശൈശവദശ പിന്നിട്ട് ക്രമേണ വളരുകയും വികസിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നതിൽ നാം സർവശക്തനെ സ്തുതിക്കുന്നു. പൊതു നന്മയെ ലാക്കാക്കി പ്രസ്ഥാനം സംഘടിപ്പിക്കുന്ന സംരംഭങ്ങളിൽ ദൃശ്യമാകുന്ന ജനകീയ പങ്കാളിത്തം പ്രോത്സാഹജനകവും സന്തോഷദായകവുമാണ്. ജനങ്ങളുടെ ഈ ഔൽസുക്യത്തെ, രാജ്യത്തിന്റെ ഭാഗധേയത്തെ നന്മയുടെ ശക്തികൾക്ക് അനുകൂലമാക്കിത്തീർക്കാനുള്ള ശ്രമത്തിൽ ഫലപ്രദമായി പ്രയോജനപ്പെടുത്താൻ, സമ്മതിദാനാവകാശം വിനിയോഗിക്കേണ്ടത് ആവശ്യമായിത്തീർന്നിരിക്കുന്നു.

**മൗലിക തത്വങ്ങളിൽ മാറ്റമില്ല**

ഇലക്ഷനെ സംബന്ധിച്ചിടത്തോളം ജമാഅത്തെ ഇസ്‌ലാമിയുടെ ഇതപര്യന്തമുള്ള നയങ്ങൾ സംക്ഷിപ്തമായി വിവരിക്കപ്പെട്ടു കഴിഞ്ഞു. ഇത് സശ്രദ്ധം വായിക്കുന്ന നിഷ്പക്ഷബുദ്ധികൾക്ക് മനസ്സിലാക്കാൻ കഴിയുന്ന സുപ്രധാനമായ വസ്തുത, ജമാഅത്തെ ഇസ്‌ലാമി അതിന്റെ പ്രഖ്യാപിതാദർശത്തിലോ ലക്ഷ്യത്തിലോ, അനിസ്‌ലാമിക വ്യവസ്ഥിതികളോടും ഗവൺമെന്റുകളോടും പാർട്ടികളോടുമുള്ള സമീപനത്തിലോ മൗലികമായ ഒരു വ്യതിയാനവും വരുത്തിയില്ല എന്നുള്ളതാണ്. മാറിവരുന്ന സാഹചര്യങ്ങൾക്കും നവംനവങ്ങളായ പ്രശ്നങ്ങൾക്കും അനുസ്യൂതമായി തീർച്ചയായും നയങ്ങളും പരിപാടികളും മാറ്റിയിട്ടുണ്ട്. അതുകൊണ്ടാണ് ജമാഅത്തിന്റെ പോളിസി-പ്രോഗ്രാം ഓരോ നാലു വർഷം കൂടുമ്പോഴും പുനഃപരിശോധനക്കും ഭേദഗതികൾക്കും വിധേയമാക്കുന്നതു തന്നെ. നയം മാറ്റത്തെ ആദർപരമായ വ്യതിയാനമായും തെറ്റ് തിരുത്തലായും വ്യാഖ്യാനിക്കാൻ പ്രസ്ഥാനത്തിന്റെ പ്രതിയോഗികൾ സർവ ശ്രമങ്ങളും നടത്തുന്നത് മനസ്സിലാക്കാൻ കഴിയും. കാരണം, തങ്ങളുടെ മൗലികമായ അബദ്ധങ്ങളും തെറ്റുകളും മൂടിവെക്കാനോ ന്യായീകരിക്കാനോ ഏറ്റവും ഫലപ്രദമായ ജമാഅത്തിനെതിരെ തത്ത്വദീക്ഷയില്ലാത്ത ദുഷ്പ്രചാരണങ്ങളാണല്ലോ. അവരുടെ ജൽപനങ്ങൾക്ക് സവിസ്തരമായൊരു മറുപടി പ്രസക്തമോ ആവശ്യമോ ആയി തോന്നുന്നില്ല. എന്നാൽ കിട്ടിയ ഏതു വടികൊണ്ടും ഇസ്‌ലാമിക പ്രസ്ഥാനത്തെ അടിക്കുകയാണ് ജിഹാദെന്നു ധരിച്ചുവശായവൻ, പുതിയ പാശ്ചാത്തലത്തിൽ വീണ്ടും ഉന്നയിച്ചുകൊണ്ടിരിക്കുന്ന ആരോപണങ്ങൾ മുൻനിറുത്തി ചില യാഥാർഥ്യങ്ങൾ ചൂണ്ടിക്കാട്ടേണ്ടതാവശ്യമായി കരുതുകയാണ്.

**അനിസ്‌ലാമിക വ്യവസ്ഥിതി**

ദൈവത്തിന്റെ പരമാധികാരത്തിനു പകരം സൃഷ്ടികളുടെ പരമാധികാര സങ്കൽപത്തിൽ ഊന്നിനിൽക്കുന്ന ഏത് വ്യവസ്ഥതിയും മൗലികമായി അനിസ്‌ലാമികമാണെന്നതാണ് ജമാഅത്തെ ഇസ്‌ലാമിയുടെ മാറ്റമില്ലാത്ത വീക്ഷണഗതി. ഇത്തരമൊരു വ്യവസ്ഥിതി ശരിയും ന്യായവുമാണെന്ന് വിശ്വസിച്ചുകൊണ്ട്, അതിനെ ചലിപ്പിക്കാൻ വേണ്ടി ഇലക്ഷനിൽ പങ്കെടുക്കുന്നതും ഭരണത്തിൽ പങ്കു വഹിക്കുന്നതും ഇസ്‌ലാമിക വിശ്വാസപ്രമാണങ്ങൾക്ക് നിരക്കുന്നതല്ലെന്ന് ജമാഅത്ത് എക്കാലവും ചൂണ്ടിക്കാട്ടിയിട്ടുണ്ട്. ഇലക്ഷനെക്കുറിച്ച് അത് കൈക്കൊണ്ട എല്ലാ തീരുമാനങ്ങളിലും, മുമ്പുദ്ധരിച്ചപോലെ, ഇക്കാര്യം വ്യക്തമാക്കപ്പെടാതിരുന്നിട്ടില്ല. അംഗങ്ങൾക്ക് വോട്ടവകാശം വിനിയോഗിക്കാൻ സൊപാധികാനുവാദം നൽകിയപ്പോഴും ഈ നിലപാടിൽ ഒരു മാറ്റവും വരുത്തിയിട്ടില്ല. പാശ്ചാത്യൻ ജനാധിപത്യ സങ്കൽപം അടിസ്ഥാനപരമായി അബദ്ധമാണെന്ന് ജമാഅത്ത് കരുതുന്നതും ഈയടിസ്ഥാനത്തിൽ തന്നെ.

**രാഷ്ട്രീയ പാർട്ടികൾ**

ഇസ്‌ലാമിന് സ്വന്തമായ വിശ്വാസസംഹിതയും ആരാധനാ ക്രമങ്ങളും ധാർമികവ്യവസ്ഥയും, സാമൂഹികക്രമവും ഉള്ളപോലെ, സ്വന്തമായ രാഷ്ട്രീയവ്യവസ്ഥയും ഉണ്ട്. അതുകൂടി ഉൾകൊള്ളുന്നതാണ് അല്ലാഹുവിന്റെ ദീൻ. ഈ ദീനിനെ പൂർണമായി സ്ഥാപിക്കുകയാണ് ഇഖാമത്തുദ്ദീൻ. അതായിരുന്നു പ്രവാചകൻ നിറവേറ്റിയ ദൗത്യം. അതേ ദൗത്യം ഏറ്റെടുത്തു നടത്താൻ ചുമതലപ്പെട്ടവരാണ് മുസ്‌ലിംകൾ. ഇസ്‌ലാമേതര രാഷ്ട്രീയ വ്യവസ്ഥകളുടെ സംസ്ഥാപനത്തിനു വേണ്ടി ധനവും ശ്രമവും വിനിയോഗിക്കാൻ പാടില്ല; അനിസ്‌ലാമിക രാഷ്ട്രീയ പാർട്ടികളിൽ അണിനിരക്കുന്നതും ശരിയല്ല. 'ഭൂമിയിൽ മറ്റെല്ലാ വ്യവസ്ഥിതികളും മനുഷ്യൻ പണിയെടുത്താലേ നിലവിൽവരൂ. അല്ലാഹുവിന്റെ വ്യവസ്ഥിതി മാത്രം അവാർഡായി ലഭിക്കേണ്ടതാണ്. ലഭിച്ചാൽ മാത്രം നടപ്പാക്കേണ്ടതുമാണ്' എന്ന വാദവും പ്രചാരണവും തികഞ്ഞ അബദ്ധമാണെന്ന് ജമാഅത്തിന്നഭിപ്രായമുണ്ട്. അതിനാൽ, തിന്റെ പ്രവർത്തകർ അത്തരം ഏതെങ്കിലും രാഷ്ട്രീയ പാർട്ടിയിൽ അംഗങ്ങളാവുന്ന പ്രശ്നമേ ഉദ്ഭവിക്കുന്നില്ല. ഇലക്ഷനിൽ ഉപാധികൾക്കു വിധേയമായി വോട്ടവകാശം വിനിയോഗിക്കാൻ അംഗങ്ങളെ അനുവദിച്ചപ്പോഴും ഈ നിലപാടിൽ ഒരു മാറ്റവും ഉണ്ടായിട്ടില്ല.

**അനുവാദം സോപാധികം**

ഇന്ത്യൻ ജമാഅത്തെ ഇസ്‌ലാമി, വ്യക്തവും കണിശവുമായ ഉപാധികൾക്കു വിധേയമായി അതിന്റെ അംഗങ്ങൾക്ക്, തെരഞ്ഞെടുപ്പുകളിൽ വോട്ടവകാശം വിനിയോഗിക്കാൻ അനുവാദം നൽകിയിരിക്കുന്നു. ഉപാധികൾ എന്തൊക്കെയാണെന്ന് മുമ്പു വിവരിച്ചിട്ടുണ്ട്. ചുരുക്കത്തിൽ, രാജ്യത്തിലെ ഒരു രാഷ്ട്രീയ പാർട്ടിക്കും ജമാഅത്ത് പിന്തുണ പ്രഖ്യാപിച്ചിട്ടില്ല. പകരം, നീതിക്കും സത്യത്തിനും ധർമത്തിനും ഇസ്‌ലാമിന്റെയും മുസ്‌ലിംകളുടെയും താൽപര്യങ്ങളുടെ സംരക്ഷണത്തിനും പിന്തുണ പ്രഖ്യാപിക്കുന്ന സ്ഥാനാർഥികൾക്ക് വോട്ട് ചെയ്യാൻ അനുവദിക്കുക മാത്രമാണ് ചെയ്തിരിക്കുന്നത്. എന്നാൽത്തന്നെ, അവർ ഏകാധിപത്യത്തിലോ സമഗ്രാധിപത്യത്തിലോ മുസ്‌ലിം വിരോധത്തിലോ ഊന്നിനിൽക്കുന്ന പാർട്ടികളുടെ സ്ഥാനാർഥികളായിരിക്കുകയും ചെയ്യരുത്.

**മൂല്യാധിഷ്ഠിത രാഷ്ട്രീയത്തോടുള്ള എതിർപ്പ്**

ഇസ്‌ലാമിനെ കേവലം പാരമ്പര്യ മതമായി കാണുകയും ആ മതത്തെത്തന്നെ വിശ്വാസപരവും കർമശാസ്ത്രപരവുമായ മദ്ഹബുകളിലൊന്നിന്റെ നാലതിരുകളിൽ തളച്ചിടുകയും ലോകത്തിലും സമൂഹത്തിലും അനുദിനം സംഭവിച്ചുകൊണ്ടിരിക്കുന്ന മാറ്റങ്ങളുടെ നേരെ മുഖംതിരിക്കുകയും ചെയ്ത പുരോഹിതവൃന്ദത്തിന്റെ പിടിയിലാണ് കേരളത്തിലെ മത സംഘടനകൾ. ഉൽപതിഷ്ണുക്കളെന്നും പുരോഗമനവാദികളെന്നും സ്വയം അവകാശപ്പെടു

ന്നവർ പോലും സലഫിയ്യത്തിന്റെ അക്ഷരപൂജാപരമായ സങ്കുചിതത്വം ദാർശനികാടിത്തറയായി സ്വീകരിക്കുകയും ഇസ്‌ലാമിനെ മതപദ്ധതിയായും മുസ്‌ലിംകളുടെ മോചനമാർഗം ശ്മശാനവിപ്ലവമായും അവതരിപ്പിക്കുകയുമാണ് ചെയ്തിരിക്കുന്നത്. കേരളത്തിലെ മഹാന്മാരായ പൂർവിക പണ്ഡിതന്മാർ ശിർക്ക്-ബിദ്അത്തുകൾക്കും അന്ധവിശ്വാസങ്ങൾക്കും എതിരെ നടത്തിയ ധീരമായ പോരാട്ടത്തിന്റെ പൈതൃകം അവകാശപ്പെടുന്ന ഇന്നത്തെ സലഫി സംഘടനകൾ, അവരുടെ ജിഹാദിന്റെ മുഖം ഒരർഥത്തലും ശിർക്ക്-ബിദ്അത്തുകൾ ആരോപിക്കപ്പെടാൻ പഴുതില്ലാത്ത ജമാഅത്തെ ഇസ്‌ലാമിയുടെ നേരെ തിരിച്ചിരിക്കുന്നു എന്നതുതന്നെ, കടുത്ത ദാർശനിക ബലഹീനതയെ അനാവരണം ചെയ്യുന്നു. മതവും രാഷ്ട്രീയവും പരസ്പര ബന്ധമില്ലാത്ത രണ്ടു മണ്ഡലങ്ങളിലായി വേർതിരിച്ചു, ഇസ്‌ലാമിനെ സ്വകാര്യ ജീവിതത്തിലൊതുക്കുകയും പൊതുജീവിതത്തെ അനിസ്‌ലാമിക പ്രത്യേയശാസ്ത്രങ്ങൾക്ക് പതിച്ചുകൊടുക്കുകയും ചെയ്ത മൗലികാബദ്ധത്തിന്റെ സ്വാഭാവിക പരിണാമമാണത്. കേവലനായ മുജാഹിദ് ഇന്നില്ല; ലീഗ് മുജാഹിദും കോൺഗ്രസ് മുജാഹിദും ജനതാദൾ മജാഹിദും -കമ്യൂണിസ്റ്റ് മുജാഹിദുപോലും- ആണുള്ളത്. അതിനാൽ ജീവിതത്തെ നിർണായകമായി നിയന്ത്രിക്കുന്ന രാഷ്ട്രീയത്തെ 'ശാഖാപരവും നിസ്സാരവും' ആക്കിത്തള്ളാനും പൊങ്ങിയ ഖബറുകൾ നിരപ്പാക്കക എന്ന 'മഹത്കൃത്യത്തെ' ജീവിതലക്ഷ്യമായി അവതരിപ്പിക്കാനും മുജാഹിദ് പ്രസ്ഥാനം നിർബന്ധിതമാണ്. ഈ നിസ്സഹായതയിൽ നിന്നുള്ള രോഷപ്രകടനമാണ്, ഇസ്‌ലാമിനെ അതിന്റെ തനതായ രൂപത്തിൽ സമഗ്ര ജീവിത വ്യവസ്ഥിതിയായി പ്രബോധനം ചെയ്യുന്ന ജമാഅത്തെ ഇസ്‌ലാമിയെ മുഖ്യ ശത്രുവായി കണ്ട് രംഗത്തിറങ്ങിയ മുജാഹിദ് മൗലവിമാർ കാട്ടിക്കൂട്ടുന്നതെല്ലാം. അടിസ്ഥാനപരമായ സൈന്ധാന്തിക പ്രശ്നങ്ങളിൽനിന്ന് അവർ ഒളിച്ചോടുകയും മറുപടി പറയാനുള്ള സൗകര്യത്തിന് ജമാഅത്തിന്റെ വാദഗതികൾക്ക് സ്വന്തം ഭാഷ്യം ചമയ്ക്കുകയും ചെയ്യുന്നു. കേരളത്തിലെ മുജാഹിദ് സംഘടനകളും ജമാഅത്തെ ഇസ്‌ലാമിയും തമ്മിലുള്ള ഭിന്നാഭിപ്രായങ്ങൾ ഒരിക്കലും തൗഹീദിന്റെ പ്രാധാന്യത്തെ ചുറ്റിപ്പറ്റിയല്ല. ആദം (അ) മുതൽ മുഹമ്മദ് (സ) വരെയുള്ള പ്രവാചകന്മാരുടെ പ്രബോധനത്തിന്റെ അടിസ്ഥാനം തൗഹീദായിരുന്നുവെന്നും, എക്കാലത്തെയും ഇസ്‌ലാമിക പ്രസ്ഥാനങ്ങളുടെ ആദർശപരമായ അടിത്തറ തൗഹീദാണെന്നുമുള്ള കാര്യത്തിൽ ജമാഅത്തെ ഇസ്‌ലാമിക്ക് ഒരു കാലത്തും സംശയമേ ഉണ്ടായിട്ടില്ല. അതുപോലെ മുസ്‌ലിംകൾക്ക് എതിർത്തു തോൽപിക്കാനുള്ള പരമപ്രധാനമായ മാർഗച്യുതി ശിർക്കാണെന്നതിലുമില്ല ഭിന്നാഭിപ്രായം. ആരാധനക്കർഹൻ അല്ലാഹു മാത്രേയുള്ളൂ; അവനെ മാത്രമേ വിളിച്ചു പ്രാർഥിക്കാൻ പാടുള്ളൂ; പ്രവാചകന്മാരോ വലിയ്യുകളോ ആണെങ്കിലും പ്രാർഥനക്കും സഹായം തേടലിനും അർഹരല്ല; ഒരു മഹാന്റെയും മഖ്ബറ പണിതുയർത്താനോ തീർഥാടന കേന്ദ്രമാക്കി മാറ്റാനോ ഇസ്‌ലാം അനുവദിച്ചിട്ടില്ല തുടങ്ങിയ കാര്യങ്ങളിൽ ജമാഅത്തെ ഇസ്‌ലാമിക്ക് സലഫികളുടെ അതേ വീക്ഷണം തന്നെയാണുള്ളത്. (ഉത്തരേന്ത്യയിലും പാക്കിസ്ഥാനിലും പതിവുള്ള ഖബറിടങ്ങളിലെ 'ഫാത്തിഹാഖാനി' പോലും മൗലാനാ മൗദൂദി 'ഇസ്‌ലാമും ജാഹിലിയ്യത്തും' എന്ന കൃതിയിൽ അനാചാരങ്ങളിൽ എണ്ണിയതിനെച്ചൊല്ലി സുന്നികൾ നടത്തുന്ന പ്രചാരണം ഓർക്കുക). മൗലാനാ മൗദൂദിയുടെ മഖ്ബറ കെട്ടിപ്പൊക്കി തിരികൊളുത്തി എന്ന് ജമാഅത്ത് വിരോധം തൊഴിലാക്കിയ കേരളത്തിലെ ഒരു മുജാഹിദ് പണ്ഡിതൻ പ്രചരിപ്പിച്ചുവെങ്കിലും മൗദൂദിയുടേത് ഉൾപെടെ ലോകത്ത് ഒരാളുടെയും മഖ്ബറ ശവകുടീരമോ നേർച്ചസ്ഥലമോ ആക്കിയ പാരമ്പര്യം ജമാഅത്തെ ഇസ്‌ലാമിക്കില്ലെന്നത് നിഷേധിക്കാനാവാത്ത സത്യമാണ്. പക്ഷേ, 'ലാ ഇലാഹ ഇല്ലല്ലാഹ്...' എന്ന കലിമത്തുത്തൗഹീദ് തന്നെയും യുക്തിപൂർവമായി വേണം പ്രബോധനം ചെയ്യാനെന്നും മനപരിവർത്തനത്തിലൂടെ വേണം വിശ്വാസ പരിവർത്തനമെന്നും തദ്ഫലമായി ഉണ്ടാവേണ്ടതാണ് ഖബർപൂജാ നിഷേധം ഉൾപെടെയുള്ള തൗഹീദെന്നും ജമാഅത്തെ ഇസ്‌ലാമിക്ക് അഭിപ്രായമുണ്ട്. ശിർക്കിൽനിന്ന് പിന്തിരിഞ്ഞ ഒരു സമൂഹം തൗഹീദിന്റെ അടിത്തറയിൽ ഒരു ഭരണകൂടം സ്ഥാപിച്ച ശേഷം നടത്തിയ 'ശ്മശാനവിപ്ലവത്തെ' അകാലത്തും അനവസരത്തിലും നടപ്പാക്കാനുള്ള ശ്രമം ആത്മഹത്യാപരവും ബുദ്ധിശൂന്യവുമാണെന്ന് അത് കരുതുന്നു.

പക്ഷേ, ഇതല്ല മുജാഹിദ് സംഘടനകളുമായി ജമാഅത്തെ ഇസ്‌ലാമിക്കുള്ള ഭിന്നതകളുടെ മർമം. പ്രവാചക പ്രബോധനത്തിന്റെ അടിസ്ഥാനം തൗഹീദാണെന്ന് ഇരുകൂട്ടരും അംഗീകരിച്ചുകൊണ്ടുതന്നെ ഇസ്‌ലാമിലെ തൗഹീദ് മുജാഹിദുകൾ വാദിക്കുന്നതുപോലെ ആരാധനാപരമായ കാര്യങ്ങളിൽ മാത്രം പരിമിതമാണോ, അതല്ല ജീവിതത്തിന്റെ എല്ലാ മേഖലകളിലും നിരുപാധികമായ നിയമനിർമാണത്തിനുള്ള പരമാധികാരം അല്ലാഹുവിന് മാത്രമാണെന്ന അർഥവ്യാപ്തികൂടി അതുൾകൊള്ളുന്നുണ്ടോ എന്നതാണ് യഥാർഥ പ്രശ്നം. തശ്‌രീഉ് അഥവാ നിയമനിർമാണം അല്ലാഹുവിന്റെ മാത്രം പരമാധികാരത്തിനു വിധേയമാണെന്നും 'ഹാകിമിയ്യ'ത്തിന്റെ ഈ സങ്കൽപം കൂടി ഉൾകൊള്ളാത്ത തൗഹീദ് അപൂർണമാണെന്നുമാണ് ജമാഅത്തെ ഇസ്‌ലാമിയുടെ സിദ്ധാന്തം. തെളിയിച്ചു പറഞ്ഞാൽ മതനിയമങ്ങൾ എന്നു പറയപ്പെടുന്ന കാര്യങ്ങളിൽ പരിമിതമല്ല അല്ലാഹുവിനുള്ള അനുസരണം. രാഷ്ട്രീയവും സാമ്പത്തികവും സാമൂഹികവുമായ ജീവിതത്തിലും അല്ലാഹുവിന്റെ നിയമനിർദേശങ്ങളും വിലക്കുകളുമുണ്ട്. അവ ആരാധനാ ചടങ്ങുകളെപ്പോലെത്തന്നെ അനുസരിച്ചേ മതിയാവൂ. ഏത് സൃഷ്ടിയെ അനുസരിക്കുന്നതും സ്രഷ്ടാവിന്റെ കൽപനകൾക്കു വിധേയമായിട്ടാവണം. അല്ലാതിരുന്നാൽ കുറ്റവും പാപവുമാണ്. ദൈവേതര ശക്തികൾക്കുള്ള വിധേയത്വവും അനുസരണവും അല്ലാഹുവിന്റെ ആസ്തിക്യം തന്നെ നിഷേധിച്ചുകൊണ്ടോ അവന്റെ വിധിവിലക്കുകളുടെ ശാശ്വതിക പ്രസക്തിയെ ചോദ്യം ചെയ്തുകൊണ്ടോ മതത്തെക്കുറിച്ച ഭൗതികവാദികളുടെ സങ്കൽപത്തെ താത്വികമായി ശരിവെച്ചുകൊണ്ടോ ആണെങ്കിൽ അത് ശിർക്കും കുഫ്റുമാണെന്ന് ജമാഅത്തെ ഇസ്‌ലാമി ഉറപ്പിച്ചു പറഞ്ഞിട്ടുണ്ട്. ഇപ്പോഴും പറയുന്നുമുണ്ട്. ഈ അടിസ്ഥാനത്തിൽ ഇന്ത്യയിലെ രാഷ്ട്രീയ പാർട്ടികളോടും ഭരണവ്യവസ്ഥയോടുമുള്ള ജമാഅത്തിന്റെ സമീപനത്തെ ഇങ്ങനെ സംക്ഷേപിക്കാം:

ഒന്ന്, ദൈവത്തിന്റെ പരമാധികാരത്തെ അംഗീകരിക്കാത്തതും മതത്തെ സ്വകാര്യ ജീവിതത്തിൽ പരിമിതപ്പെടുത്തുന്നതുമായ മതേതരവ്യവസ്ഥ അടിസ്താനപരമായി അനിസ്‌ലാമികവും ത്വാഗൂത്തുമാണ്. അതിനെ മാറ്റി തദ്സ്ഥാനത്ത് ദൈവികവ്യവസ്ഥ സംസ്ഥാപിക്കുകയാണ് സത്യവിശ്വാസികളുടെ ചുമതല; ആ വ്യവസ്ഥയുടെ തന്നെ നിലനിൽപിനും പരിരക്ഷക്കും വേണ്ടി പ്രവർത്തിക്കുകയല്ല. അല്ലാഹുവിന് പൊതുജീവിതത്തിൽ നിയമനിർദേശങ്ങളും വിലക്കുകളും ഇല്ലെന്നോ അഥവാ ഉണ്ടെങ്കിൽ കാലാഹരണപ്പെട്ടുവെന്നോ അതെല്ലങ്കിൽ മനുഷ്യനിർമിത വ്യവസ്ഥകളാണ് ദൈവികവ്യവസ്ഥയെക്കാൾ ഉത്തമമെന്നോ അതുമല്ലെങ്കിൽ ദൈവികസന്മാർഗം വർഗീയതക്കും രക്തച്ചൊരിച്ചിലിനും സംഘട്ടനത്തിനും കാരണമെന്നോ വിശ്വസിച്ചും വാദിച്ചുംകൊണ്ട് അനിസ്‌ലാമിക വ്യവസ്ഥിതിക്കു വേണ്ടി ആർ തന്നെ പ്രവർത്തിച്ചാലും ശിർക്കും കുഫ്റുമാവും.

രണ്ട്, ഭൂമിയിൽ കലാപവും അരാചകത്വവും അല്ലാഹു ഇഷ്ടപ്പെടുന്നില്ല. അതിനാൽ ശരിയോ തെറ്റോ ആയ ഒരു ഭരണവ്യവസ്ഥ രാജ്യത്ത് നിലനിന്നേ മതിയാവൂ. തെറ്റായ വ്യവസ്ഥയുടെ പരിവർത്തിനു വേണ്ടി സമാധാനപരമായി പ്രവർത്തിക്കുന്നതോടൊപ്പം അരാജകത്വത്തിലേക്ക് രാജ്യത്തെ തള്ളിവിടാതിരിക്കാൻ ഭരണഘടനയോട് കൂറുപുലർത്തുകയും ഭരണകൂടങ്ങളെ അനുസരിക്കുകയും വേണം. അതുകൊണ്ടാണ് ഇന്ത്യൻ ഭരണഘടനയെ

അതിന്റെ എല്ലാവിധ ന്യൂനതകളോടു മൊപ്പം ഇസ്‌ലാമികപ്രസ്ഥാനം അംഗീകരിക്കുകയും ഗവൺമെന്റുകളെ അനുസരിക്കുകയും ചെയ്യുന്നത്. എന്നുവെച്ച് ഈ ഭരണഘടന അന്യൂനമോ ഭരണകൂടങ്ങൾ വിശുദ്ധങ്ങളോ ആണന്ന് പ്രസ്ഥാനം അംഗീകരിക്കുന്നില്ല. അവയുടെ സമഗ്രമായ മാറ്റം തന്നെയാണ് ലക്ഷ്യം.

മൂന്ന്, അനിസ്‌ലാമിക വ്യവസ്ഥിതികളും പാർട്ടികളും ഭരണകൂടങ്ങളും എല്ലാം ഒരുപോലെയല്ല. ശിർക്കിലും കുഫ്‌റിലും കട്ടികൂടിയവയുണ്ട്, മിതത്വംപുലർത്തുന്നവയുണ്ട്, ലഘുവായതുമുണ്ട്. നബി(സ)തിരുമേനിയുടെ പ്രതിയോഗികളിൽതന്നെ മുശ്‌രിക്കുകളെയും അഹ്‌ലുകിതാബിനെയും അദ്ദേഹം ഒരേ കണ്ണിലൂടെയല്ല നോക്കിക്കണ്ടത്. മുശ്‌രിക്കുകളിൽ തന്നെ അബൂത്വാലിബും അബൂലഹബും തുല്യരായിരുന്നില്ല. അഹ്‌ലുകിതാബിൽ ജൂതരെയും ക്രൈസ്തവരെയും ഒരേ നിലക്കല്ല ഖുർആൻ വീക്ഷിക്കുന്നത്. അതുപോലെ ഇന്ത്യയിലെ സമകാലീന പ്രസ്ഥാനങ്ങളെയും പാർട്ടികളെയും ഭരണകൂടങ്ങളെയും വിലയിരുത്തുമ്പോഴും ഇസ്‌ലാമിക മാനദണ്ഡ പ്രകാരംതന്നെ വിവേചനബുദ്ധി പ്രയോഗിക്കേണ്ടതുണ്ടെന്ന് ജമാഅത്ത് കരുതുന്നു. തടടിസ്ഥാനത്തിൽ രാജ്യത്ത് മതപരമായ വിവേചനം അനുവദിക്കാത്തതും ജനാധിപത്യാവകാശങ്ങൾ അനുവദിക്കുന്നതുമായ പാർട്ടികളോടുള്ള സമീപനവും ഒന്നായിക്കൂടാ. വ്യവസ്ഥിതി അനിസ്‌ലാമികമായിരിക്കെത്തന്നെ ആ വ്യവസ്ഥിതി താരതമ്യേന ദ്രോഹം കുറഞ്ഞവരുടെ കരങ്ങളിൽ ആയിരിക്കേണ്ടത് നിലനിൽപിനും പ്രവർത്തന സ്വാതന്ത്ര്യതതിനും അനുപേക്ഷ്യവുമാണ്. രണ്ടു തിന്മകളിലേതെങ്കിലുമൊന്ന് തെരഞ്ഞെടുക്കേണ്ടത് അനിവാര്യമായി വരുമ്പോൾ തമ്മിൽ ഭേദമായ തിന്മയെ വേണം പിന്തുണക്കാനെന്നത് ഇസ്‌ലാമികമായ മാനദണ്ഡമാണ്; ജമാഅത്തെ ഇസ്‌ലാമിയുടെ അവസരവാദമല്ല. അതുകൊണ്ടുതന്നെ, ഫാസിസ്റ്റ് ശക്തികൾക്കെതിരെ തെരഞ്ഞെടുപ്പിൽ മതേതര ജനാധിപത്യ ശക്തികളെ പിന്തുണക്കാനുള്ള ജമാഅത്തിന്റെ തീരുമാനത്തിന് ഇസ്‌ലാമികമായ ന്യായീകരണമുണ്ട്. ഇത് ശിർക്കിനെ തൗഹീദാക്കലല്ല, ഹറാമിനെ ഹലാലാക്കലുമല്ല. പക്ഷേ, ശിർക്കിലും ഹറാമിലും കട്ടികൂടിയവക്കെതിരെ കട്ടികുറഞ്ഞവയെ, നിലനിൽപിനു വേണ്ടി പിന്തുണക്കുന്നു എന്നത് മാത്രമാണ് സംഭവം. പാർട്ടികളെ മൊത്തമായി ജമാഅത്തെ ഇസ്‌ലാമി പിന്താങ്ങുന്നില്ല. നിലവിലുള്ള ഏത് പാർട്ടി ഭരിച്ചാലും ഇന്ത്യയിൽ ദൈവരാജ്യം നിലവിൽ വരുമെന്ന അഭിപ്രായവുമില്ല. യഥാർഥ ദൈവരാജ്യത്തിനുവേണ്ടി നിരന്തരം യത്നിക്കുന്നതോടൊപ്പം, ആ യത്നം തുടരാനുള്ള സാഹചര്യം നിലനിൽക്കാനും മാനുഷമൂല്യങ്ങൾ സാധ്യമായ അളവിലെങ്കിലും പുലർന്നുകാണാനും ജമാഅത്ത് അതിന്റെ പൗരാവകാശം വിനിയോഗിക്കുക മാത്രമാണ് ചെയ്യുന്നത്.

മറിച്ച് സുന്നികളാവട്ടെ, മുജാഹിദുകളാവട്ടെ, ഇസ്‌ലാമിന്റെ രാഷ്ട്രീയ സിദ്ധാന്തത്തെക്കുറിച്ച് സംസാരിക്കുകയോ അനിസ്‌ലാമിക വ്യവസ്ഥകളെ വിമർശനാത്മകമായി വിലയിരുത്തുകയോ ചെയ്യുന്നില്ല. തങ്ങൾ മതപമെന്ന് കരുതുന്ന മൂല്യങ്ങൾ വരെ രാഷ്ട്രീയരംഗത്ത് പുഛിക്കപ്പെടുകയും ധ്വംസിക്കപ്പെടുകയും ചെയ്യുന്നതിൽ അവർക്ക് പ്രതിഷേധമില്ല. പകരം, തോന്നിയ പാർട്ടികളിലൊക്കെ ചേർന്നു പ്രവർത്തിക്കുകയും ആ പാർട്ടികളുടെ ശരിയും തെറ്റും ആയ എല്ലാ നയങ്ങളെയും പിന്തുണക്കുകയും അവരുടെ എല്ലാ തിന്മകളിലും പങ്കുവഹിക്കുകയും ചെയ്യുന്നു. രാഷ്ട്രീയത്തിൽ ധൂർത്തും അഴിമതിയും സ്വജനപക്ഷപാതവും അധാർമികതയും പ്രദർശിപ്പിക്കുന്നവർ പോലും മതരംഗത്ത് അവർക്ക് സ്വീകാര്യമാണ്. ഈ സമീപനത്തോട് മൗലികമായിത്തന്നെ ജമാഅത്തെ ഇസ്‌ലാമിക്ക് യോജിപ്പില്ല. ഭിന്ന പാർട്ടികളുടെ ചില സ്ഥാനാർഥികൾക്ക് സോപാധികമായി വോട്ട് ചെയ്യാനുള്ള ജമാഅത്തിന്റെ തീരുമാനം സുന്നി, മജാഹിദ് വിഭാഗങ്ങളുടെ രാഷ്ട്രീയ സമീപനങ്ങളുടെ അംഗീകാരവുമല്ല.

നാല്, മൂല്യങ്ങൾ സാർവലൗകികവും ശാശ്വതവുമാണ്. അവ എവിടെയും ആരിലും എക്കാലത്തും വളർത്തുകയും പ്രോത്സാഹിപ്പിക്കുകയും മൂല്യത്തകർച്ചയെ എപ്പോൾ, എവിടെ, ആരിൽ കണ്ടാലും എതിർക്കുകയുമാണ് മുസ്‌ലിംകളുടെ ചുമതല. വഞ്ചനയും പൊതുധനാപഹരണവും കൈക്കൂലിയും റൗഡിസവും വ്യഭിചാരവും മദ്യപാനവും മുസ്‌ലിംകൾക്കു മാത്രം വിലക്കപ്പെട്ട തിന്മകളല്ല; മനുഷ്യരായി പിറന്ന ആർക്കും അതൊന്നും ചേരില്ല. അതുപോലെ വിശ്വസ്തതയും സത്യസന്ധതയും ലഹരി വിരോധവും സദാചാരവും ഏവർക്കുമുണ്ടാവേണ്ട മൂല്യങ്ങളാണ്. അതുകൊണ്ടാണ് ഏതു പാർട്ടിക്കാരനായാലും മൂല്യബോധമുള്ള സ്ഥാനാർഥികൾക്കു മാത്രമേ വോട്ട് നൽകാവൂ എന്ന് ജമാഅത്ത് നിഷ്കർഷിക്കുന്നത്. മൂല്യാധിഷ്ഠിത രാഷ്ട്രീയത്തെ പരിഹസിക്കുന്നവർ, നന്മ കൽപിക്കുക, തിന്മ നിരോധിക്കുക എന്ന ഉത്തമ സമുദായത്തിന്റെ പ്രാഥമിക നീതി ചെയ്യാൻ കൂട്ടാക്കാത്തവരാണ്. നമസ്കാരാനന്തര കൂട്ട പ്രാർഥനയോടുള്ള അലർജിപോലും പൊതുധനാപഹരണത്തോടില്ലെന്നു വരുന്നത് തന്നെ മൂല്യച്യുതിയുടെ മകുടോദാഹരണമാകുന്നു. എം.പിമാരും എം.എൽ.എ.മാരും പാർട്ടി വിപ്പിന് വിധേയരാണെന്ന സാങ്കേതികത്വം, അഴിമതിക്കാരെയും അധർമകാരികളെയും വോട്ട് ചെയ്ത് അധികാരത്തിലേറ്റാൻ ന്യായമാവുന്നില്ല. വിവിധ രാഷ്ട്രീയ പാർട്ടികളുടെ ഗുണകരവും ജനക്ഷേമകരവുമായ നയപരിപാടികളെപ്പോലും ഫലത്തിൽ പരാജയപ്പെടുത്തുന്നത് മൂല്യബോധമില്ലാത്ത ജനപ്രതിനിധികളാണ്. അതിനാൽ മൂല്യാധിഷ്ഠിത രാഷ്ട്രീയം എതിർക്കപ്പെടുകയോ പരിഹസിക്കപ്പെടുകയോ ചെയ്യേണ്ട ആശയമല്ല; അത് നടപ്പാക്കുന്നതിൽ സംഭവിക്കുന്ന വീഴ്ചകൾ കൂടി പരിഹരിക്കപ്പെടണമെന്നതാണ് പ്രധാനം.